بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 1

ലക്കം 31

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ഒക്ടോബർ 6/ഹി:ശം:1395 ഇഖാ 6/ഹി:ഖ: 1438 മുഹർറം 4

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 സെപ്റ്റംബർ 02 ന് കാൽസ്രോയ് ജർമനിയിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**എന്റെ പ്രവചനങ്ങൾക്കുശേഷം ലോകത്ത് ഭൂകമ്പങ്ങളുടേയും മറ്റു വിപത്തുകളുടേയും പരമ്പര തുടങ്ങിയിട്ടുള്ളത് എന്റെ സത്യത്തിനുള്ള ഒരു അടയാളമാണ്.**

**ഓർമിക്കുക! അല്ലാഹുവിന്റെ മുർസലീംകളിൽ ആരെയെങ്കിലും നിഷേധിക്കുമ്പോൾ ആ നിഷേധം ഒരു പ്രത്യേക ജനത നടത്തിയാലും വേണ്ടില്ല ഭൂമിയിൽ ഏതെങ്കിലും പ്രത്യേക ഭാഗത്ത് നടന്നാലും വേണ്ടില്ല അല്ലാഹുവിന്റെ ആത്മീയരോഷം പൊതുവായ ശിക്ഷയാണ് ഇറക്കുന്നത്. ആകാശത്തുനിന്ന് പൊതുവായ നിലയിലാണ് ശിക്ഷ ഇറങ്ങുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ചോദ്യം(5).** അങ്ങ് വിവിധ രീതിയിൽ ധാരാളം വിജ്ഞാപനങ്ങളിൽ മതം നശിച്ചുപോയ കാരണത്താൽ ലോകത്ത് ശിക്ഷ ഇറങ്ങുകയില്ല. പ്രത്യുത അഹങ്കാരവും ദ്രോഹപ്രവർത്തനങ്ങളും മുർസലീംകളെ പരിഹസിക്കുന്നതുകൊണ്ടുമാണ് വരുന്നതെന്ന് എഴുതിയിരിക്കുന്നു. ഇപ്പോൾ സാൻഫ്രാൻസിസ്കൊ തുടങ്ങിയ സ്ഥലങ്ങളിൽ വന്ന ഭൂകമ്പങ്ങൾ അങ്ങ് അങ്ങയുടെ സത്യസാക്ഷ്യത്തിനുള്ള അടയാളമായി പറഞ്ഞിരിക്കുന്നു. ഈ ഭൂകമ്പങ്ങൾ വന്നത് അങ്ങയെ നിഷേധിച്ചതുകൊണ്ടാണെന്ന് പറയുന്നത് മനസ്സിലാകുന്നില്ല.

**മറുപടി**: സാൻഫ്രാൻസിസ്കൊ തുടങ്ങിയ സ്ഥലങ്ങളിൽ വന്ന ഭൂകമ്പങ്ങളെല്ലാം എന്നെ നിഷേധിച്ചതുകൊണ്ടു മാത്രമാണുണ്ടായതെന്നും മറ്റൊരു കാര്യത്തിനും അതിൽ കൈകടത്തലില്ലെന്നും ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. അതേ! എന്നെ നിഷേധിച്ചത് ആ ഭൂകമ്പങ്ങൾ വെളിപ്പെടുന്നതിന് നിമിത്തമാണെന്ന് ഞാൻ പറയുന്നു. കാര്യമെന്താണെന്നുവച്ചാൽ, അല്ലാഹുവിന്റെ നടപടിക്രമം എപ്പോഴും ഈ രീതിയിലാണ് വെളിപ്പെടുന്നത് എന്നതിൽ അല്ലാഹുവിന്റെ എല്ലാ നബിമാരും ഏകാഭിപ്രായക്കാരാണ്. അതായത് ലോകം എല്ലാ വിധത്തിലുള്ള പാപങ്ങളും ചെയ്തു വരുന്നു. അവരുടെ പാപങ്ങളെല്ലാം കുന്നുകൂടുന്നു. അക്കാലത്ത് അല്ലാഹു തന്നിൽനിന്ന് ആരെയെങ്കിലും നിയോഗിക്കുന്നു. ലോകത്തിലെ ഏതെങ്കിലും ഭാഗം ദൈവനിയോഗിതനെ നിഷേധിക്കുന്നു. അപ്പോൾ അദ്ദേഹത്തിന്റെ നിയോഗം ആദ്യം കുറ്റവാളികളായിക്കഴിഞ്ഞ മറ്റു ദ്രോഹികളെ ശിക്ഷിക്കുന്നതിനും ഒരു ചാലകശക്തിയായിത്തീരുന്നു. തന്റെ കഴിഞ്ഞ കാലത്തുചെയ്ത പാപം നിമിത്തം ശിക്ഷിക്കപ്പെടുന്നവൻ, ഇക്കാലത്ത് ഏതെങ്കിലും നബി അല്ലെങ്കിൽ റസൂൽ ഉണ്ടെന്ന് അറിഞ്ഞിരിക്കണമെന്നത് നിർബന്ധമല്ല. **വമാ കുന്നാ മുഅദ്ദിബീന ഹത്താ നബ്അഥ റസൂലാ** എന്ന് അല്ലാഹു പറഞ്ഞതുപോലെ! അതിനാൽ ഇതിനെക്കാളുപരി മറ്റൊരു ഉദ്ദേശ്യവും എനിക്കുണ്ടായിരുന്നില്ല; അതായത് ഈ ഭൂകമ്പങ്ങളുടെ കാരണം എന്നെ നിഷേധിച്ചതാകാവുന്നതാണ്. ഇതുതന്നെയാണ് മുമ്പേമുതലുള്ള അല്ലാഹുവിന്റെ നടപടിക്രമം. ഇത് നിഷേധിക്കാൻ ആർക്കും സാധിക്കുകയില്ല. അതുകൊണ്ട് ഭൂകമ്പം അല്ലെങ്കിൽ മറ്റുവിപത്തുകൾകൊണ്ട് സാൻഫ്രാൻസിസ്കൊ തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്നവർ നാശമടഞ്ഞതിന്റെ യഥാർഥ കാരണം അവർ ചെയ്തുകഴിഞ്ഞ മറ്റു പാപങ്ങളായിരുന്നു. എന്നാൽ, അവരെ നശിപ്പിച്ച ഈ ഭുകമ്പങ്ങൾ എന്റെ സത്യതയ്ക്കുള്ള ഒരു ദൃഷ്ടാന്തമാണ്. കാരണം പണ്ടുപണ്ടേയുള്ള അല്ലാഹുവിന്റെ നടപടി ക്രമമനുസരിച്ച് ദ്രോഹികളായ ജനങ്ങൾ ഏതെങ്കിലും റസൂൽ വരുന്ന നേരത്ത് നശിപ്പിക്കപ്പെടുന്നു. ഇപ്രകാരം തന്നെ ഞാൻ ബറാഹീനെ അഹ്മദിയ്യായിലും എന്റെ മറ്റു ധാരാളം ഗ്രന്ഥങ്ങളിലും എന്റെ കാലത്ത് ലോകത്ത് അസാധാരണമായ ധാരാളം ഭൂകമ്പങ്ങൾ വരുമെന്നും മറ്റു വിപത്തുകളും വരുമെന്നും ഒരു ലോകം അതിനാൽ നശിപ്പിക്കപ്പെടുമെന്നും പറഞ്ഞിട്ടുള്ളതാണ്. അതിനാൽ എന്റെ പ്രവചനങ്ങൾക്കുശേഷം ലോകത്ത് ഭൂകമ്പങ്ങളുടേയും മറ്റു വിപത്തുകളുടേയും പരമ്പര തുടങ്ങിയിട്ടുള്ളത് എന്റെ സത്യത്തിനുള്ള ഒരു അടയാളമാണെന്നതിൽ സംശയമെന്തിനാണ്. അല്ലാഹുവിന്റെ റസൂലിനെ ഭൂമിയിൽ ഏതു ഭാഗത്ത് നിഷേധിച്ചാലും എന്നാൽ, ആ നിഷേധത്തിന്റെ നേരത്ത് റസൂൽ വന്നിട്ടുണ്ടെന്ന് അറിയാത്ത മറ്റു രാജ്യങ്ങളിലുള്ള കുറ്റവാളികളും പിടിക്കപ്പെടുന്നു എന്നത് ഓർക്കുക; നൂഹിന്റെ കാലത്തുണ്ടായതുപോലെ. ഒരു ജനത നിഷേധിച്ചതുകൊണ്ട് ഒരു ലോകത്തിനുമേൽ ശിക്ഷ വന്നു. എന്നല്ല പക്ഷിമൃഗാദികൾപോലും രക്ഷപ്പെട്ടില്ല.

ചുരുക്കിപ്പറഞ്ഞാൽ അല്ലാഹുവിന്റെ നടപടി ക്രമം ഇതേരീതിയിലാണ് നടന്നു വരുന്നത്. അതായത് ഒരു സത്യവാനെ അതിരുകടന്ന് നിഷേധിക്കുകയോ അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയോ ചെയ്താൽ ലോകത്ത് പലരീതിയിലുള്ള നാശങ്ങൾ വരുന്നു. അല്ലാഹുവിന്റെ എല്ലാ ഗ്രന്ഥങ്ങളും ഇതുതന്നെയാണ് വിവരിച്ചിട്ടുള്ളത്. വിശുദ്ധ ഖുർആനും ഇതുതന്നെയാണ് പറയുന്നത്. മൂസായെ നിഷേധിച്ച കാരണത്താൽ ഈജിപ്റ്റ് ദേശത്ത് പലരീതിയിലുള്ള വിപത്തുകളും ഇറങ്ങി. പേനുകൾ വർഷിച്ചു, തവളകൾ പെരുകി, രക്തം പൊഴിഞ്ഞു, ക്ഷാമമുണ്ടായി. വാസ്തവത്തിൽ ഈജിപ്റ്റ് ദേശത്തിന്റെ ദൂരദൂരെയുള്ളവർക്ക് മൂസായെ കുറിച്ച് ഒരു അറിവുമുണ്ടായിരുന്നില്ല. അവർക്ക് അതിൽ ഒരു പാപവുമുണ്ടായിരുന്നില്ല. ഇതുമാത്രമല്ല പ്രത്യുത എല്ലാ ഈജിപ്റ്റുകാരുടേയും ആദ്യം ജനിച്ച കുട്ടികളും വധിക്കപ്പെട്ടു. ഫിർഔൻ ഒരു കാലംവരെ ആ വിപത്തുകളിൽനിന്നെല്ലാം സുരക്ഷിതനായിരിക്കുകയും ചെയ്തു. മൂസായെ കുറിച്ച് അറിയാത്ത ആളുകൾ ആദ്യമേ വധിക്കപ്പെട്ടു. ഹദ്റത്ത് ഈസാ(അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തെ കുരിശിലേറ്റി കൊല്ലാൻ ആഗ്രഹിച്ചവരുടെ രോമത്തിനുപോലും ഒന്നും സംഭവിച്ചില്ല. അവർ സുഖകരമായ നിലയിൽ ജീവിച്ചുകൊണ്ടിരുന്നു. എന്നാൽ, 40 വർഷത്തിനുശേഷം ആ നൂറ്റാണ്ട് കഴിയാൻ പോകുമ്പോൾ ത്വയ്ത്വൂസ് റൂമിയുടെ കൈയാൽ ആയിരക്കണക്കിന് യഹൂദികൾ വധിക്കപ്പെട്ടു. പ്ലേഗുമുണ്ടായി. ഈ ശിക്ഷ ഹദ്റത്ത് ഈസാ(അ)കാരണത്താലായിരുന്നുവെന്ന് വിശുദ്ധ ഖുർആനിൽനിന്ന് തെളിയുന്നുണ്ട്.

ഇപ്രകാരംതന്നെ നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഏഴു വർഷം വരൾച്ചയുണ്ടായി. ആ വരൾച്ചയിൽ അധികവും നശിപ്പിക്കപ്പെട്ടത് ദരിദ്രരായിരുന്നു. പീഢിപ്പിച്ചുകൊണ്ടിരുന്ന വലിയ വലിയ ഫിത്നക്കാർ കാലങ്ങളോളം ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടിരുന്നു. അല്ലാഹുവിന്റെ നടപടിക്രമം ഇങ്ങനെയാണ് നടന്നു വരുന്നതെന്നാണ് പറഞ്ഞതിന്റെ ചുരുക്കം. അതായത് അല്ലാഹുവിന്റെ അടുത്തുനിന്ന് വരുന്ന ആരെയെങ്കിലും നിഷേധിക്കുമ്പോൾ പലതരത്തിലുള്ള വിപത്തുകൾ ആകാശത്തുനിന്നിറങ്ങുന്നു. ആ നിഷേധവുമായി ഒരു ബന്ധവും ഇല്ലാത്തവരാണ് അധികവും അതിൽ പിടിക്കപ്പെടുന്നത്. പിന്നീട് മെല്ലെ മെല്ലെ നിഷേധത്തിന്റെ നേതാക്കന്മാർ പിടിക്കപ്പെടുന്നു. ഏറ്റവും അവസാനമാണ് വലിയ വലിയ ദ്രേഹികളുടെ സമയം വരുന്നത്. **അന്നാ നഅ്ത്തിൽ അർള നൻഖുസ്വു ഹാ മിൻ അത്വ്റാഫിഹാ** അതായത് നാം പതുക്കെ പതുക്കെ ഭൂമിയിലക്ക് വന്നും പോയുമിരിക്കുന്നു. എന്റെ ഈ വിവരണത്തിൽ 'നിഷേധിച്ചത് മൗലവിമാരാണ്,പ്ലേഗിൽ നശിപ്പിക്കപ്പെട്ടത് ദരിദ്രരാണ്' എന്നും കാങ്കടയിലേയും ഭാഗസോയിലേയും പർവതങ്ങളിലെ നൂറുക്കണക്കിന് ആളുകൾ നശിപ്പിക്കപ്പെട്ടുവെന്നും അവരുടെ തെറ്റെന്തായിരുന്നുവെന്നും അവർ എവിടെയാണ് നിഷേധിച്ചിരുന്നതെന്നും പറഞ്ഞ് ആക്ഷേപിക്കുന്ന അജ്ഞർക്കുള്ള മറുപടിയും വന്നു കഴിഞ്ഞു. അതുകൊണ്ട് ഓർമിക്കുക! അല്ലാഹുവിന്റെ മുർസലീംകളിൽ ആരെയെങ്കിലും നിഷേധിക്കുമ്പോൾ ആ നിഷേധം ഒരു പ്രത്യേക ജനത നടത്തിയാലും വേണ്ടില്ല ഭൂമിയിൽ ഏതെങ്കിലും പ്രത്യേക ഭാഗത്ത് നടന്നാലും വേണ്ടില്ല അല്ലാഹുവിന്റെ ആത്മീയരോഷം പൊതുവായ ശിക്ഷയാണ് ഇറക്കുന്നത്. ആകാശത്തുനിന്ന് പൊതുവായ നിലയിലാണ് ശിക്ഷ ഇറങ്ങുന്നത്. അധികവും കുഴപ്പത്തിന്റെ ഉറവിടക്കാരായ യഥാർഥ ദ്രോഹികൾ പിന്നാലെയാണ് പിടിക്കപ്പെടുന്നത്. ഹദ്റത്ത് മൂസാ ഫിർഔന്റെ മുമ്പിൽ കാണിച്ച ആ ഭീക്ഷണമായ ദൃഷ്ടാന്തങ്ങൾപോലെ! ഫിർഔന് ഒരു നഷ്ടവുമുണ്ടായില്ല. കേവലം ദരിദ്രർ നശിപ്പിക്കപ്പെട്ടു. പക്ഷേ, അവസാനം അല്ലാഹു ഫിർഔനെ അയാളുടെ സൈന്യത്തോടൊപ്പം വെള്ളത്തിൽ മുക്കി. ഇതാണ് അല്ലാഹുവിന്റെ നടപടിക്രമം. വിവരമുള്ള ആർക്കും ഇതിനെ നിഷേധിക്കാൻ സാധിക്കുകയില്ല. (റൂഹാനീ ഖസായിൻ വാല്യം 22, ഹഖീഖത്തുൽ വഹ്യ് പേജ് 164 - 167)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് ഉമ്മുഹബീബഃ(റ)

*(അമത്തുൽബാരി നാസിർ രചിക്കുകയും ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ കുട്ടികൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്ത ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബഃ റദിയല്ലാഹു അൻഹാ എന്ന ലഘുകൃതിയോടു കടപ്പാട്)*

(കഴിഞ്ഞ ലക്കം തുടർച്ച.......)

ഈ അനുഗൃഹീത മഹിളാരത്നങ്ങൾ സ്ഥിരം താമസിച്ചിരുന്നത് മസ്ജിദുന്നബ്വിയിലായിരുന്നു. അവരുടെ മുറികൾ മസ്ജിദുന്നബ്വിയോടു ചേർന്നായിരുന്നു. അല്ലാഹു അവർക്കു നല്കിയ വലിയ അനുഗ്രഹമായിരുന്നു അത്.

ഹദ്റത്ത് സയ്നബ് ബിൻത് അബീ സൽമഃ(റ) പറയുന്നു: 'ഞാൻ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ അടുക്കൽ വന്നു. അവരുടെ പിതാവ് അബൂ സുഫിയാൻ മരിച്ച സന്ദർഭമായിരുന്നു അത്.' ഹദ്റത്ത് ഉമ്മുഹബീബഃ(റ) ഞാനവിടെയുള്ളപ്പോൾ മഞ്ഞ നിറത്തിലുള്ള അത്തർ വാങ്ങിച്ചു. ആദ്യം തന്റെ ഭൃത്യയുടെ വസ്ത്രത്തിൽ പുരട്ടിക്കൊടുത്തു. പന്നീടു തന്റെ കൈകൾ കവിളുകളിൽ തടവി. അതിന്നോടൊപ്പം പറഞ്ഞു: 'അല്ലാഹുവാണ! അത്തർ പുരട്ടാൻ എനിക്കൊരു ആഗ്രഹവുമില്ല. എന്നാൽ, അല്ലാഹുവിലും പുനരുത്ഥാനനാളിലും വിശ്വസിക്കുന്ന ഒരു സ്ത്രീക്കും ആരെങ്കിലും മരിച്ചാൽ മൂന്നു ദിവസത്തെക്കാൾ കൂടുതൽ ദുഃഖമാചരിക്കുന്നത് അനുവദനീയമല്ലെന്ന് നബി(സ)തിരുമേനി മിമ്പറിൽ നിന്നുകൊണ്ടു പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ, ഭാര്യ തന്റെ ഭർത്താവ് മരിച്ചാൽ 4 മാസവും 10 ദിവസവും ദുഃഖമാചരിക്കേണ്ടതാണ്.[24]

ഈ വിവരണത്തിൽനിന്ന് മുസ്ലീംകളിലാരെങ്കിലും മരിച്ചാൽ ദുഃഖമാചരിക്കണമെന്ന കല്പന വ്യക്തമാകുന്നുണ്ട്. ജാഹ്ലീയ കാലഘട്ടത്തിൽ അതായത് ഇസ്ലാമിന്റെ ആവിർഭാവത്തിനു മുമ്പേ ദുഃഖമാചരിക്കുന്നതിൽ നിരവധി അനാചാരങ്ങൾ നിലനിന്നിരുന്നു. ഹദ്റത്ത് ഉമ്മു ഹബീബഃ(റ)യുടെ നിവേദനംകൊണ്ട് ഇസ്ലാമിൽ നിലനിന്ന വലിയൊരു പ്രശ്നം പരിഹരിക്കപ്പെട്ടു. നബി(സ)യ്ക്ക് വിശുദ്ധ ഖുർആനിലെ നസ്ർ എന്ന അധ്യായം ഇറങ്ങിയപ്പോൾ ആ മഹാത്മാവിന്റെ ദൗത്യം അവസാനിക്കാൻ പോകുന്നുവെന്ന സൂചന അതിലടങ്ങിയിരുന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ) പറഞ്ഞു: 'തന്റെ പ്രായം ഹദ്റത്ത് ഈസായുടെ പ്രായത്തിന്റെ പകുതിയായിരിക്കുമെന്നും ഹദ്റത്ത് ഈസായുടെ പ്രായം 120 വയസ്സായിരുന്നുവെന്നും നബി(സ)ന് വാർത്ത നൽകപ്പെട്ടിരുന്നു.

നബി(സ)യുടെ മരണ സമയത്തും ഭാര്യമാരുടെ മനസ്സുകളിൽ തൗഹീദിന്റെ മഹത്ത്വം പ്രകടമായിരുന്നു. നബി(സ)മരണരോഗബാധിതനായപ്പോൾ, ഹദ്റത്ത് മർയം(അ)മിന്റെ പേരിൽ ഹബ്ശയിലുള്ള ഒരു ക്രിസ്ത്യൻ പള്ളിയെക്കുറിച്ചു പറഞ്ഞു. രോഗംകൊണ്ടു വിഷമിക്കുന്ന ആ ഘട്ടത്തിലും നബി(സ) സംസാരത്തിന്റെ ദിശ മാറ്റി, തന്റെ ഭാര്യമാരുടെ ശ്രദ്ധയെ ഏകദൈവസിദ്ധാത്തിലേക്കു തിരിച്ചുകൊണ്ട് പറഞ്ഞു: 'തങ്ങളുടെ നബിമാരുടേയും മഹാത്മാക്കളുടേയും ഖബ്റിടങ്ങളെ സുജൂദു സ്ഥലമാക്കിമാറ്റിയ യഹൂദികളേയും ക്രിസ്ത്യാനികളേയും അല്ലാഹു ശപിക്കട്ടെ.'[25]

നബി(സ)യുടെ വേർപാടിനു ശേഷം ഖുലഫാഉർറാശിദീൻ (ആദ്യത്തെ നാലു ഖലീഫമാർ) ഉമ്മഹാത്തുൽമുഅ്മിനീനെ (വിശ്വാസികളുടെ ഉമ്മമാരെ)അവരുടെ സ്ഥാനവും നിലയുമനുസരിച്ച് ആദരിച്ചു. ഹദ്റത്ത് ഉമർ(റ)തന്റെ ജീവിതത്തിന്റെ അവസാന വർഷം നബി(സ)യുടെ ഭാര്യമാരെക്കൊണ്ട് സുരക്ഷിതമായി ഹജ്ജ് ചെയ്യിച്ചു. പിന്നീടു ഹദ്റത്ത് ഉഥ്മാൻ(റ)നും അവരുടെ ആഗ്രഹമനുസരിച്ച് സ്വയം കൂടെപ്പോയി അവരെക്കൊണ്ട് ഹജ്ജ് ചെയ്യിച്ചു. ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലഘട്ടത്തിൽ ഹദ്റത്ത് ഉമ്മുസൽമഃ(റ), ഹദ്റത്ത് മയ്മൂനഃ(റ), ഹദ്റത്ത് ഉമ്മുഹബീബഃ(റ) എന്നിവർക്കു ഹജ്ജുചെയ്യാൻ ഭാഗ്യം സിദ്ധിച്ചു. പൂർണമായും പർദയിലായിരുന്നു അവരെക്കൊണ്ടു ഹജ്ജ് ചെയ്യിച്ചത്.[26]

നബി(സ)തിരുമേനിയുടെ വീട്ടുവിശേഷങ്ങൾ പറഞ്ഞുകൊണ്ടിരിക്കാൻ ആഗ്രഹം ഏറെയുണ്ട്; പുണ്യവതികളായ ഭാര്യമാരുടെ കാര്യങ്ങൾ, അവർ പരസ്പരം സ്നേഹത്തോടെ കഴിഞ്ഞ നാളുകൾ, നന്മയിൽ മുൻകടക്കാനും അല്ലാഹുവിനെ സന്തോഷിപ്പിക്കാനുമുള്ള മത്സര ഓട്ടത്തിന്റെ കഥകൾ, അങ്ങനെ പലതും. എന്തായാലും ഇപ്പോൾ നിങ്ങൾക്കു ഇതിനോടു താൽപര്യമുണ്ടായി കാണുമല്ലോ? ഇനി നിങ്ങൾ ഇത്തരം ഗ്രന്ഥങ്ങൾ കണ്ടെത്തി വായിക്കുക. അറിവു വർധിപ്പിക്കുക. ചിന്താശീലം വളർത്തുക. ഓരോ കാര്യത്തിൽനിന്നും എന്തെങ്കിലും പാഠമോ നല്ല വശമോ കരസ്ഥമാക്കുക.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ നടന്ന ഒരു സംഭവമുണ്ട്. ഹദ്റത്ത് ഉമ്മുഹബീബഃ(റ) മരണസമയത്ത് ഹദ്റത്ത് ആയിശ(റ)യേയും ഹദ്റത്ത് ഉമ്മുസൽമ(റ)യേയും തന്റെയടുത്ത് വിളിച്ചുകൊണ്ടു പറഞ്ഞു, 'സപത്നിമാർക്കിടയിൽ സാധാരണ ഉണ്ടാകാറുള്ളത് നമ്മുടെ ഇടയിലും വല്ലപ്പോഴുമൊക്കെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടു എനിക്കു പൊറുത്തു തരിക.' ഹദ്റത്ത് ആയിശ(റ) പറയുന്നു, 'ഞാൻ അവർക്കു പൊറുത്തു കൊടുത്തു. അവരുടെ മഗ്ഫിറത്തിനായി പ്രാർഥിച്ചു.'

ഹദ്റത്ത് ഉമ്മുഹബീബഃ(റ) അതിൽ വളരെ സന്തോഷിക്കുകയും സംതൃപ്തയാകുകയും ഇങ്ങനെ പ്രാർഥിക്കുകയും ചെയ്തു: 'സർറനീ സർറക്കില്ലാഹ്' എന്നെ നീ സന്തോഷിപ്പിച്ചു, അല്ലാഹു നിന്നേയും സന്തോഷിപ്പിക്കുമാറാകട്ടെ.[27]

ഹദ്റത്ത് ഉമ്മുഹബീബഃ(റ) യ്ക്ക് നബി(സ) യോടൊപ്പം ഹജ്ജ് ചെയ്യാനുള്ള ഭാഗ്യവും ലഭിച്ചിരുന്നു. 65 ഹദീഥുകൾ ഹദ്റത്ത് ഉമ്മുഹബീബഃ(റ) നിവേദനം ചെയ്തിട്ടുണ്ട്. ഹിജറ വർഷം 44-ലാണ് ഹദ്റത്ത് ഉമ്മുഹബീബഃ(റ) വഫാത്തായത്.[28] അല്ലാഹു ഹദ്റത്ത് ഉമ്മുഹബീബഃ(റ)യിൽ സംതൃപ്തനായിരിക്കട്ടെ. നമ്മളേയും തൃപ്തിപ്പെടുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ ആമീൻ

24. ബുഖാരീ കിതാബുൽജനായിസ് ബാബ് നമ്പർ 30.
25. ബുഖാരീ കിതാബുസ്സ്വലാത്ത് ഹദീഥ് 1280.
26. ത്വബഖാത്ത് ഇബ്നുസഅ്ദ് ഖുലാസ്വഃ
27. മുത്വഹ്ഹർ ആയിലീ സിന്ദഗീ പേജ് 79.
28. അൽഫദ്ൽ 2003 ഒക്ടോബർ 31.


**സഹായമായ ഗ്രന്ഥങ്ങൾ:–**

ഖുർആനെകരീം – തഫ്സീറെ കബീർ
സീറത്തു ഖാത്തമുന്നബിയ്യീൻ
ഹഖായിഖുൽ ഫുർഖാൻ
ദീബാചഃ അൽഫുർഖാൻ
ദീബാചഃ തഫ്സീറുൽഖുർആൻ
ബുഖാരീ ശരീഫ്
അൽഅസ്ഹാറു ലിദവാത്തുൽഖുമാർ
സയ്റുസ്സ്വഹാബിയാത്
അസദുൽഗാബഃ
ത്വബഖാത് ഇബ്നുസഅ്ദ്
താരീഖെ ത്വിബ്രീ
അൽഫദ്ലും ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളും.
മദീനഃമുനവ്വറഃ അബ്ദുൽമസ്വ്ഊദ്
മുത്വഹ്ഹർ ആയിലീ സിന്ദഗീ അമത്തുർറഫീഖ് ദ്വഫ്ർ
ഇബ്നുഹിശാം
ശിബ്ലീ


# മജ്ലിസ് അൻസ്വാറുല്ലാഹ് ദക്ഷിണ കേരള ഇജ്തിമ

**കൊച്ചി:** അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വയോജന സംഘടനയായ മജ്ലിസ് അൻസ്വാറുല്ലായുടെ ദക്ഷിണ കേരള ഇജ്തിമ 25-9-2016 ഞായറാഴ്ച രാവിലെ 10 മണിക്ക് എറണാകുളം മസ്ജിദ് ഉമറിൽ സംഘടനയുടെ കേന്ദ്രപ്രതിനിധി ഹമീദ് അഹ്മദ് സാഹിബ് ഗോറി ഉദ്ഘാടനം ചെയ്തു. ത്യാഗം വരിക്കാൻ ഓരോരുത്തരും തയ്യാറാകണമെന്ന് അദ്ദേഹം പറഞ്ഞു. ത്യാഗം യുദ്ധമോ ആയുധപോരാട്ടമോ അല്ല. നല്ല കാര്യങ്ങൾക്കായി സമയം കണ്ടെത്തലും ധനത്യാഗവും സേവനവുമാണ്. ദൈവസൃഷ്ടികളോടുള്ള കടമകൾ പൂർത്തിയാക്കാൻ സന്നദ്ധരായിരിക്കണം. മരണാനന്തര ജീവിതത്തെ കുറിച്ച് ചിന്തിക്കുമ്പോൾ അതിനുള്ള ആവേശം കൈവരും. അദ്ദേഹം പറഞ്ഞു.

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ജില്ലാ അമീർ പി.കെ.ശാഹുൽ ഹമീദ് അധ്യക്ഷത വഹിച്ചു. ദേശീയ വൈസ് പ്രസിഡന്റ് പി.പി.നാസിമുദ്ദീൻ, ദക്ഷിണ കേരള പ്രസിഡന്റ് എം.താജുദ്ദീൻ, മൗലവി സുൽത്താൻ നസീർ, മൗലവി പി.എ. മുഹമ്മദു സലീം മൗലവി സൈനുൽ ആബ്ദീൻ മൗലവി റശീദ് അഹ്മദ് എന്നിവർ പ്രസംഗിച്ചു.

ഉദ്ഘാടന സമ്മേളനത്തിൽ എം.എം.അബ്ദുർറഹീം വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. എം. ബശീർ അഹ്മദ് ചുങ്കശ്ശേരി പദ്യമാലപിച്ചു. സമാപന സമ്മേളനത്തിൽ മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്ലിയാർ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. മണ്ണാർക്കാട് മഹ്മൂദ് സാഹിബ് പദ്യമാലപിച്ചു.


Website Design & Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**അല്ലാഹുവിന്റെ കൃപയാൽ ഇന്നു തുടങ്ങി മൂന്നു ദിവസം ജർമനി അഹ്മദിയ്യാ ജമാഅത്തിന് തങ്ങളുടെ ജൽസ സംഘടിപ്പിക്കുന്നതിന് തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുകയാണ്. ഈ ജുമുഅയോടുകൂടി ജൽസസാലാനയ്ക്ക് സമാരംഭം കുറിക്കുകയാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിന്റെ കല്പനയാൽ ഈ ജൽസകൾ സംഘടിപ്പിക്കാൻ തുടങ്ങിയതായിരുന്നു. അതിന്റെ ഉദ്ദേശ്യം അല്ലാഹുവിലേക്ക് ആകർഷിച്ചെടുക്കാൻ പരിശ്രമിക്കുക എന്നതായിരുന്നു. അറിവിലും ഈശ്വരജ്ഞാനത്തിലും അഭിവൃദ്ധിപ്പെടുക എന്നതായിരുന്നു. പരിശുദ്ധമായ മാറ്റമുണ്ടാക്കി അവരെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കുക എന്നതായിരുന്നു. ഭൗതികേച്ഛകളിൽനിന്നും വ്യർഥമായ കാര്യങ്ങളിൽനിന്നും രക്ഷിക്കലായിരുന്നു. ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുകയും അത് തന്റെ മുഴുവൻ കഴിവുകളോടും സാമർഥ്യങ്ങളോടുംകൂടി പൂർത്തിയാക്കുകയും ചെയ്യുമെന്ന് കരാർ ചെയ്യിക്കുകയായിരുന്നു. പരസ്പരം സ്നേഹത്തിന്റേയും സമ്പ്രീതിയുടേയും സാഹോദര്യത്തിന്റേയും ബന്ധത്തെ വർധിപ്പിക്കുകയായിരുന്നു. മുമ്പേയുണ്ടായിരുന്നവർ ഈ ജോലി നല്ലവണ്ണം നിറവേറ്റി. ഖാദിയാനിലെ ചെറിയ സ്ഥലത്തെ ജൽസകളിൽ അല്ലാഹു എത്രമാത്രം അനുഗ്രഹം ചൊരിഞ്ഞുവെന്നാൽ ഇന്ന് ഈ മാതിരി, ജമാഅത്ത് സ്ഥാപിതമായിട്ടുള്ള ലോകത്തെ ഏകദേശം എല്ലാ രാജ്യങ്ങളിലും ജൽസ സംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ജൽസയുടെ ഉദ്ദേശ്യവും ഖാദിയാനിലെ ജൽസയുടെ ഉദ്ദേശ്യമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതു തന്നെയാണ്. അതിനെ കുറിച്ചാണ് ഹ്രസ്വമായി ഇപ്പോൾ ഞാൻ പറഞ്ഞത്.**

**ചുറ്റുപാടുകൾ എത്രകണ്ട് പരിശുദ്ധമാണെങ്കിലും മനുഷ്യൻ എപ്പോഴും ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാൻ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. കരുതലോടുകൂടി ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്.**

**അല്ലാഹു ഹജ്ജുചെയ്യുന്നവർ മൂന്നുകാര്യങ്ങളിൽനിന്ന് 'റഫഥ്', 'ഫുസൂഖ്','ജദാൽ' രക്ഷപ്പെടണമെന്ന് പ്രത്യേകമായും പറഞ്ഞിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു അവസരത്തിൽ പറയുകയുണ്ടായി, 'ഹജ്ജിന്റെ അവസരത്തിൽ തിന്മകളിൽനിന്ന് തങ്ങളെ തടയണമെന്ന് അല്ലാഹു പറഞ്ഞിട്ടുള്ള നിയമം പാലിച്ച് നമ്മുടെ ജൽസകളിലും ആളുകൾ വരികയാണെങ്കിൽ അസാധാരണമായ പരിഷ്കരണം നടക്കാൻ ഇടയുണ്ട്.'**

**ജൽസയുടെ സ്ഥാനം-അല്ലാഹു അങ്ങനെ ഇടവരുത്താതിരിക്കട്ടെ-ഹജ്ജിന്റെ സ്ഥാനമാണ് എന്ന് നാം പറയുന്നില്ല. പക്ഷേ, ദീനീപരമായ അഭിവൃദ്ധി കരസ്ഥമാക്കുന്നതിനും സ്വന്തം പരിഷ്കരണത്തിനുമുള്ള അടിത്തറയാണിത്. അത് അല്ലാഹു പറഞ്ഞ ഒരു അടിത്തറയാണ്. ആളുകൾ കൂടുമ്പോൾ, വൻജനാവലി ഉണ്ടാകുമ്പോൾ ഇക്കാര്യങ്ങളും ശ്രദ്ധിക്കേണ്ടതാണ്. നമ്മൾ ദീനീപരമായ അഭിവൃദ്ധിക്ക്, നമ്മുടെ പരിഷ്കരണത്തിന് സംഘടിക്കുന്ന ജൽസയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ നമ്മുടെ പരിഷ്കരണത്തിന്റെ നിലവാരം ഉയരുന്നതാണ്. ജൽസ ഒരു ആരാധനയൊന്നുമല്ല. പക്ഷേ, തീർച്ചയായും ട്രേനിംഗ് ക്യാമ്പാണ്. അത് ആത്മീയതയിൽ അഭിവൃദ്ധിപ്പെടുന്നതിന് ആരംഭിക്കപ്പെട്ടിട്ടുള്ളതാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ജൽസയുടെ ഉദ്ദേശ്യങ്ങൾ യഥാർഥത്തിൽ ഈ മൂന്നു കാര്യങ്ങൾക്കു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു. അതായത് നമ്മുടെ പരിഷ്കരണത്തിന് അവസരം കിട്ടണം. ആത്മാവിന്റെ പരിഷ്കരണം ഉണ്ടാകണം. വ്യർഥമായ കാര്യങ്ങളിൽനിന്ന് വിട്ടു നിൽക്കണം. അല്ലാഹുവിലേക്ക് ശ്രദ്ധ ഉണ്ടാകണം. അവന്റെ കല്പനകളനുസരിച്ച് തികഞ്ഞ അനുസരണത്തോടുകൂടി നടക്കുന്നതിലേക്ക് പ്രത്യേകമായ ശ്രദ്ധ ഉണ്ടാകണം.നമ്മുടെ സഹോദരങ്ങളോട് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും പ്രത്യേകമായ ബന്ധം സ്ഥാപിതമാകണം. എല്ലാ തരത്തിലുള്ള സ്വാർഥതയും കലഹവും അവസാനിപ്പിക്കുക.**

**ജൽസയിൽ പങ്കെടുക്കാൻ വരുന്ന നമ്മളിൽ ഈ ദിനങ്ങളിൽ, ജൽസാ ദിനങ്ങളിൽ മാത്രമല്ല മറിച്ച് അതിനുശേഷവും നമ്മുടെ സഹവാസത്തിലിരിക്കുന്നവർ എപ്പോഴും വ്യർഥമായ കാര്യങ്ങളിൽനിന്ന് വിട്ടു നില്ക്കുന്നവരാകും വിധമുള്ള മാറ്റമാണുണ്ടാകേണ്ടത്.**

**(ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ച് അനാവശ്യകാര്യങ്ങളിൽനിന്ന് രക്ഷപ്പെടുക, സൽസ്വഭാവം കാണിക്കുക, നാവിനെ വ്യർഥമായ സംസാരങ്ങളിൽനിന്നും സംശുദ്ധമാക്കിവെക്കുക, നമസ്കാരങ്ങളിൽ വിനയനമ്രാദി കാര്യങ്ങൾ പാലിക്കുക, അഹങ്കാരത്തിൽനിന്ന് രക്ഷപ്പെടുക, എല്ലാവരോടും സഹതാപം കാണിക്കുക തുടങ്ങിയ കാര്യങ്ങളെ കുറിച്ചുള്ള സുപ്രധാനഉപദേശങ്ങൾ.)**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**2016 സെപ്റ്റംബർ 2/1395 തബൂക് 2**
**കാൽസ്രോയ്, ജർമനി**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ-
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ـ اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ـ اَلرَّحْمٰنِ الرَّحِيْمِ ـ مٰلِكِ يَوْمِ
الدِّيْنِ ـ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ـ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ـ صِرَاطَ الَّذِيْنَ
اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ـ

അല്ലാഹുവിന്റെ കൃപയാൽ ഇന്നു തുടങ്ങി മൂന്നു ദിവസം ജർമനി അഹ്മദിയ്യാ ജമാഅത്തിന് തങ്ങളുടെ ജൽസ സംഘടിപ്പിക്കുന്നതിന് തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുകയാണ്. ഈ ജുമുഅയോടുകൂടി ജൽസസാലാനയ്ക്ക് സമാരംഭം കുറിക്കുകയാണ്. ജമാഅത്തംഗങ്ങളുടെ പരിഷ്കരണത്തിനായി ജൽസസാലാന സംഘടിപ്പിക്കുന്നതിന് അടിത്തറയിട്ട - അത് അല്ലാഹുവിന്റെ കല്പനയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇട്ടതാണ്-ആ ആദ്യ ജൽസയ്ക്ക് ഈ കൊല്ലം 125 വർഷം തികയുകയാണ്. ആ ജൽസ ഖാദിയാനെന്ന ചെറിയ സ്ഥലത്താണ് നടന്നത്. മസ്ജിദിന്റെ ഒരു ഭാഗത്ത് 75 ആളുകൾ തങ്ങളുടെ ഉള്ളിൽ പരിശുദ്ധമാറ്റങ്ങൾ വരുത്തുന്നതിനും ലോകത്തിന്റെ പരിഷ്കരണവും ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായി ആയിക്കൊണ്ട് ലോകത്ത് പ്രചരിപ്പിക്കുന്നതിനും പ്രതിജ്ഞ ചെയ്തിരുന്നു. (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസായിൻ വാള്യം 5 പേജ് 629)അതിന്റെ ഫലം നമ്മൾ ഇന്നുകണ്ടുകൊണ്ടിരിക്കുന്നു. അല്ലാഹു അവരുടെ ജോലികളിലും അവരുടെ നിയ്യത്തുകളിലും എത്രമാത്രം അനുഗ്രഹം ചൊരിഞ്ഞുവെന്നാൽ, ഇന്ന് ഇവിടെ ജർമനിയിൽ അഹ്മദിയ്യാ ജമാഅത്ത് വലിയ വലിയ കോംപ്ലക്സുകളിൽപ്പെട്ട വിശാലമായ സ്ഥലത്ത് വ്യാപിച്ച് നില്ക്കുന്ന എല്ലാ സൗകര്യങ്ങളുമുള്ള സമ്പൂർണമായൊരു കോംപ്ലക്സിൽ തങ്ങളുടെ ജൽസ നടത്തുകയാണ്. ഈ വിശാലവും വിസ്താരമുള്ളതുമായ കെട്ടിടങ്ങളുണ്ടായിട്ടും ചില ആവശ്യങ്ങൾക്കുവേണ്ടി പുറത്ത് തുറന്ന മൈതാനത്ത് പന്തലുകളും കൂടാരങ്ങളും ഉണ്ടാക്കിയിരിക്കുകയാണ്. ഭൗതികമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ നമ്മൾ നോക്കുകയാണെങ്കിൽ നമുക്ക് ഇന്നും ഇത്ര വിശാലമായ നിലയിൽ ചെലവുകൾ ചെയ്യാൻ സാധിക്കുകയില്ല. പക്ഷേ, അല്ലാഹു ജമാഅത്തിന്റെ പണത്തിൽ ബർക്കത്തിടുന്നു. ഇക്കാരണത്താൽ അല്ലാഹു നമുക്ക് ഇവിടെ ജൽസ സംഘടിപ്പിക്കാൻ തൗഫീഖ് തന്നുകൊണ്ടിരിക്കുന്നു.(ഹാളിൽ ശബ്ദത്തിന്റെ മുഴക്കം ഉണ്ടായിക്കൊണ്ടിരുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: 'ഈ എക്കോ (echo)മടങ്ങി വരുന്നു. ഹാളിന്റെ അറ്റംവരെ ശബ്ദം നല്ല നിലിൽ വരുന്നുണ്ടോ എന്ന് ജൽസാഗാഹിലെ സംഘാടകർ നോക്കുക)

ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിന്റെ കല്പനയാൽ ഈ ജൽസകൾ സംഘടിപ്പിക്കാൻ തുടങ്ങിയതായിരുന്നു.(ആ

യിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസായിൻ വാള്യം 5 പേജ് 611) ഇതിന്റെ ഉദ്ദേശ്യം ജമാഅത്തംഗങ്ങളുടെ പരിഷ്കരണമായിരുന്നു. അതിന്റെ ഉദ്ദേശ്യം അല്ലാഹുവിലേക്ക് ആകർഷിച്ചെടുക്കാൻ പരിശ്രമിക്കുക എന്നതായിരുന്നു. അറിവിലും ഈശ്വര ജ്ഞാനത്തിലും അഭിവൃദ്ധിപ്പെടുക എന്നതായിരുന്നു. പരിശുദ്ധമായ മാറ്റമുണ്ടാക്കി അവരെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കുക എന്നതായിരുന്നു. ഭൗതികേച്ഛകളിൽനിന്നും വ്യർഥമായ കാര്യങ്ങളിൽനിന്നും രക്ഷിക്കലായിരുന്നു. ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുകയും അത് തന്റെ മുഴുവൻ കഴിവുകളോടും സാമർഥ്യങ്ങളോടും കൂടി പൂർത്തിയാക്കുകയും ചെയ്യുമെന്ന് കരാർ ചെയ്യിക്കുകയായിരുന്നു. പരസ്പരം സ്നേഹത്തിന്റേയും സമ്പ്രീതിയുടേയും സാഹോദര്യത്തിന്റേയും ബന്ധത്തെ വർധിപ്പിക്കുകയായിരുന്നു(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസായിൻ വാള്യം 6 പേജ് 399)

മുമ്പേയുണ്ടായിരുന്നവർ ഈ ജോലി നല്ലവണ്ണം നിറവേറ്റി. ഖാദിയാനിലെ ചെറിയ സ്ഥലത്തു നടന്ന ജൽസകളിൽ അല്ലാഹു എത്രമാത്രം അനുഗ്രഹം ചൊരിഞ്ഞുവെന്നാൽ ഇന്ന് ഈ മാതിരി, ജമാഅത്ത് സ്ഥാപിതമായിട്ടുള്ള ലോകത്തെ ഏകദേശം എല്ലാ രാജ്യങ്ങളിലും ജൽസ സംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ജൽസയുടെ ഉദ്ദേശ്യവും ഖാദിയാനിലെ ജൽസയുടെ ഉദ്ദേശ്യമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതു തന്നെയാണ്. അതിനെ കുറിച്ചാണ് ഹ്രസ്വമായി ഇപ്പോൾ ഞാൻ പറഞ്ഞത്.

നമ്മൾ ഈ ഉദ്ദേശ്യത്തിനായി ഇന്ന് ഇവിടെ സംഘടിച്ചിരിക്കുന്നെങ്കിൽ നമ്മൾ ഭാഗ്യവാന്മാരാണ്. നമ്മൾ അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾക്ക് അനന്തരാവകാശികളാകുന്നതാണ്. എന്തെങ്കിലും മേള നടക്കുന്നു എന്ന് സങ്കൽപിച്ചാണ് നമ്മൾ വന്നിട്ടുള്ളതെങ്കിൽ അല്ലെങ്കിൽ നമ്മളിൽ ആരെങ്കിലും വന്നിട്ടുള്ളതെങ്കിൽ അത് ദൗർഭാഗ്യമാണ്. അല്ലാഹു നമ്മളോടു ഒരു സദുദ്ദേശ്യത്തിന് സംഘടിക്കാനാണ് പറഞ്ഞിട്ടുള്ളത്. നമ്മൾ സംഘടിച്ചിരിക്കുകയുമാണ്. പക്ഷേ, സദുദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനുപകരം ഭൗതികകാര്യങ്ങളിൽ അകപ്പെടാൻ പാടില്ല. ഇവിടെ വരുന്ന എല്ലാ അഹ്മദികളും ഇക്കാര്യം മുന്നിൽ വെക്കുക, ഈ മൂന്നു ദിനങ്ങളിൽ പൂർണമായും ഭൗതികലോകവുമായി ബന്ധം വിച്ഛേദിക്കുക. ഇതിനുശേഷവും ഇഹലോകവാസികളായിരുന്നിട്ടും ഭൗതിക ജോലികളിൽ വ്യാപൃതരാകുന്നവരായിട്ടും- ഇതും നിർബന്ധമായ കാര്യമാണ്, ഭൗതികമായ ജോലിയുണ്ട്, ജീവിതത്തൊഴിലുണ്ട്, കടച്ചവടമുണ്ട്, ഇതെല്ലാം നിർബന്ധവുമാണ്-പക്ഷേ, എന്നിട്ടും അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളെ ആകർഷിച്ചെടുക്കുന്നവരായിക്കൊണ്ടിരിക്കുമെന്നും ഇവിടെ നിങ്ങളിലുണ്ടായിട്ടുള്ള ഈ നന്മകൾ തുടർന്നുകൊണ്ടുപോകാൻ ശ്രമിക്കുമെന്നുമുള്ള പ്രതിജ്ഞയോടു കൂടി തിരിച്ചു പോകുക. ഈ ദിനങ്ങളിൽ ഫർള്, നഫ്ൽ ആരാധനകൾക്കു പുറമെ ദിക്റെ ഇലാഹിയും ചെയ്തുകൊണ്ടിരിക്കുക. ദിക്റെ ഇലാഹി അഥവാ ദൈവസ്മരണകൊണ്ട് ചിന്താഗതികൾ പരിശുദ്ധമായിരിക്കുന്നതാണ്. അല്ലാഹുവിൽ ശ്രദ്ധ നിലനില്ക്കുന്നതാണ്. മനുഷ്യൻ തിന്മകളിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നതാണ്. ഇതേ ഉദ്ദേശ്യമാണ് ആരാധനകളുടേത്. ദിക്റെ ഇലാഹി നിർബന്ധമായിട്ടുള്ള ആരാധനകളിലേക്കും ശ്രദ്ധ കൊണ്ടുപോകുന്നു. പിന്നീട് മനുഷ്യൻ യഥാർഥവും ശരിയായതുമായ ആരാധന ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അക്കാരണത്താൽ ദൈവസ്മരണയിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് ഇക്കാര്യം എല്ലാവരും ഓർമവെക്കേണ്ടതാണ്.

അല്ലാഹു ഇസ്‌ലാമിൽ ആരാധനയുടെ ഒരു കാര്യം വെച്ചിട്ടുണ്ട്. അത് എല്ലാ അവസ്ഥയിലും എല്ലാ മുസ്‌ലീംകൾക്കും നിർബന്ധമായിട്ടുള്ളതല്ല. പക്ഷേ, എന്നിട്ടും ലക്ഷക്കണക്കിന് മുസ്‌ലീംകൾ എല്ലാ വർഷവും ഈ കർത്തവ്യം നിർവഹിച്ചുവരുന്നു. അതായത് ബയ്ത്തുല്ലായിൽപ്പോയി ഹജ്ജ് ചെയ്യുക എന്ന കർത്തവ്യം. കുറച്ചു ദിവസത്തിനുള്ളിൽ ഇൻശാഅല്ലാഹ് ഹജ്ജ് എന്ന ഈ കർത്തവ്യവും നിറവേറ്റപ്പെടുന്നതാണ്. അല്ലാഹു ഹജ്ജ് എന്ന ആരാധനാകർമം ചെയ്യാൻ മുസ്‌ലീംകളോടു പറഞ്ഞതിനും നിങ്ങളുടെ എല്ലാ ശ്രദ്ധകളും ആ ദിനങ്ങളിൽ അല്ലാഹുവിലേക്ക് വെക്കണമെന്നും അതുകൂടാതെ ഹജ്ജു ചെയ്യുന്നതിന്റെ ലക്ഷ്യം പൂർത്തിയാകുകയില്ലെന്നും പറഞ്ഞതിനുമൊപ്പം ജനക്കൂട്ടമുള്ള കാരണത്താൽ, ഒരിടത്ത് എല്ലാവരും ഒരുമിച്ചുകൂടുന്ന കാരണത്താൽ ചിലതിന്മകളും ഉണ്ടാകുമെന്ന് പറയുകയുണ്ടായി. ഹജ്ജിന്റെ ചുറ്റുപാടുകളായിരുന്നിട്ടും കൂടിയാണ് ഇങ്ങനെ പറഞ്ഞിട്ടുള്ളത്! ഹജ്ജുചെയ്യുന്ന എല്ലാവരിൽനിന്നും ആ പരിശുദ്ധ ചുറ്റുപാടു കാരണത്താൽ ദൈവസ്മരണ, തസ്ബീഹ്, തഹ്മീദ് എന്നിവ അല്ലാതെ മറ്റൊരു കാര്യത്തിലും ശ്രദ്ധ വരാൻ സാധ്യതയില്ലെന്ന പ്രതീക്ഷയുള്ളപ്പോഴാണിത്. പക്ഷേ, മനുഷ്യ പ്രകൃതി അറിയുന്ന അല്ലാഹു ഹജ്ജ് ചെയ്യുന്നവർ മൂന്നു തിന്മകളിൽനിന്ന് രക്ഷപ്പെട്ടിരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. അതിനാൽ ചുറ്റുപാടുകൾ എത്രകണ്ട് പരിശുദ്ധമാണെങ്കിലും മനുഷ്യൻ എപ്പോഴും ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാൻ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. കരുതലോടുകൂടി ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്.

അല്ലാഹു ഹജ്ജുചെയ്യുന്നവർ ഏതു മൂന്നുകാര്യങ്ങളിൽനിന്ന് രക്ഷപ്പെടണമെന്നാണോ പറഞ്ഞിട്ടുള്ളത് അതിൽ ആദ്യത്തേത് 'റഫഥ' യാണ്. അശ്ലീല പരമായ കാര്യങ്ങൾ എന്ന് അതിന് തർജമ ചെയ്യപ്പെടുന്നു. പക്ഷേ, ഇതിന്റെ ഉദ്ദേശ്യം ചീത്തക്കാര്യങ്ങൾ പറയുക, തെറിവിളിക്കുക, അശ്ലീലപരവും നിരർഥവുമായ കാര്യങ്ങൾ സംസാരിക്കുക, ചീത്തക്കഥകൾ കേൾപ്പിക്കുക, വ്യർഥവും അനാവശ്യവുമായ കാര്യങ്ങൾ ചർച്ചചെയ്യുക, കൂട്ടംകൂടിയിരുന്ന് വെടി പറയുക തുടങ്ങിയവയെല്ലാം അതിൽപ്പെടുന്നു. ഇവിടെ വ്യക്തമായും എല്ലാതരത്തിലുമുള്ള വ്യർഥമായ കാര്യങ്ങളും അനാവശ്യങ്ങളും വിടുവായത്തം നടക്കുന്ന മജ്‌ലിസുകളും വിരോധിച്ചിരിക്കുകയാണ്. ഹജ്ജിനുപോകുന്ന ആരെങ്കിലും ഇക്കാര്യങ്ങൾ പറയുമോ എന്ന് ആരും മനസ്സിലാക്കരുത്. ആത്മാർഥതയോടെ ഹജ്ജിനുപോകുന്ന എല്ലാവരിൽനിന്നും അവിടെ പ്രതീക്ഷിക്കുന്നത് തങ്ങളുടേതെല്ലാം അല്ലാഹുവിനുവേണ്ടി അർപണം ചെയ്യുന്നതായിട്ടാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഞാൻ ഹജ്ജിനു പോയപ്പോൾ ഒരു യുവാവ് എന്നോടൊപ്പം ത്വവാഫ് ചെയ്യുന്നുണ്ടായിരുന്നു. ത്വവാഫ് ചെയ്യുമ്പോൾ ദുആകളും ദൈവസ്മരണകളും ചെയ്യുന്നതിനുപകരം സിനിമ ഗാനങ്ങൾ പാടുകയായിരുന്നു. അയാൾ ഇന്ത്യയിൽനിന്നുള്ള ആളായിരുന്നു. നീ ഇത് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ഞാൻ അയാളോടു ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു: എനിക്ക് ഹജ്ജിൽ ചൊല്ലുന്ന ദുആ തുടങ്ങിയവയൊന്നും അറിയില്ല. ഞങ്ങൾ കച്ചവടക്കാരാണ്. കൽക്കത്തയിൽ വലിയ തുണിക്കട ഞങ്ങൾക്കുണ്ട്. ഞങ്ങൾക്കെതിരിൽ വേറെ വലിയൊരു തുണിക്കടയുമുണ്ട്. അവർ വൻ കച്ചവടക്കാരാണ്. ആ മുതലാളിമാരിൽ ഒരാൾ ഹജ്ജുചെയ്ത് വന്നു. അയാൾ തന്റെ കടയുടെ ബോർഡിൽ തന്റെ പേരിനോടൊപ്പം ഹാജി എന്നെഴുതിയിരിക്കുന്നു. ഇക്കാരണത്താൽ ആളുകളുടെ ശ്രദ്ധ കൂടുതൽ അങ്ങോട്ടായിരിക്കുന്നു. ഹാജി സാഹിബിന്റെ കടയാണ്, നല്ല സാധനമായിരിക്കും നല്കുന്നത് എന്ന ചിന്തയാണ് അവർക്ക്. അതുകൊണ്ട് എന്റെ പിതാവ് തനിക്ക് ഹജ്ജിന് പോകാൻ സാധിക്കുകയില്ല. (രോഗമോ വാർധക്യമോ കാരണത്താലായിരിക്കാം. കാരണം എന്തും ആയിക്കൊള്ളട്ടെ). നീ ഹജ്ജിനുപോകുക, എന്നാൽ നമുക്കും ബോർഡ് വെക്കാമല്ലോ എന്ന് എന്നോടു പറഞ്ഞു. അതിനാൽ കച്ചവടം മെച്ചപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെയാണ് ഞാൻ ഹജ്ജ് ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ ഹജ്ജിന് ഈ ഉദ്ദേശ്യത്തോടെ പോകാമെങ്കിൽ മറ്റേതെങ്കിലും ആരാധനയ്ക്കോ ജൽസയ്ക്കോ പോകുന്നതിന് ആ ചിന്ത ആയിക്കൂടായ്കയുണ്ടോ?

പിന്നീടു അല്ലാഹു പറഞ്ഞു: ഹജ്ജിന്റെ ദിനങ്ങളിൽ 'ഫുസൂഖ്' അഥവാ ആജ്ഞാലംഘനം നടത്തരുത്. അതായത് അനുസരണത്തിൽനിന്നും അനുധാവനത്തിൽനിന്നും പുറത്തുപോകരുത്. അല്ലാഹുവിന്റെ കല്പനകളെ വിശ്വസിക്കേണ്ടതാണ്. നിങ്ങൾ സ്വീകരിച്ചിട്ടുള്ള നന്മയുടെ വഴി അതു അതുപോലെ കാത്തുകൊള്ളേണ്ടതാണ്. തിന്മയിലേക്ക് കുനിയരുത്. പിന്നീട് അല്ലാഹു പറയുന്നു: ഹജ്ജിന്റെ ദിനങ്ങളിൽ 'ജദാൽ'അതായത് എല്ലാവിധത്തിലുമുള്ള വഴക്കുകളിൽനിന്നും കലഹങ്ങളിൽനിന്നും പൂർണമായും രക്ഷപ്പെടേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു അവസരത്തിൽ പറയുകയുണ്ടായി, 'ഹജ്ജിന്റെ അവസരത്തിൽ തിന്മകളിൽനിന്ന് തങ്ങളെ തടയണമെന്ന് അല്ലാഹു പറഞ്ഞിട്ടുള്ള നിയമം പാലിച്ച് നമ്മുടെ ജൽസകളിലും ആളുകൾ വരികയാണെങ്കിൽ അസാധാരണമായ പരിഷ്കരണം നടക്കാൻ ഇടയുണ്ട്.' (ഖുത്ബാത്തെ മഹ്മൂദ് വാള്യം 23 പേജ് 566-567)

തീർച്ചയായും അവിടന്ന് പരിഷ്കരണത്തിന് യഥാർഥവും അടിസ്ഥാനപരവുമായ ഈ വലിയ കാര്യമാണ് വിവരിച്ചിട്ടുള്ളത്. ജൽസയുടെ സ്ഥാനം-അല്ലാഹു അങ്ങനെ ഇടവരുത്താതിരിക്കട്ടെ-ഹജ്ജിന്റെ സ്ഥാനമാണ് എന്ന് നാം പറയുന്നില്ല. അല്ലെങ്കിൽ നമ്മൾ ഖാദിയാനിൽപോകുന്നു, അതുകൊണ്ട് അതിന് ഹജ്ജിന്റെ പദവി നല്കുന്നുവെന്ന് പറഞ്ഞ് ചില അനഹ്മദികൾ നമ്മുടെമേൽ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങിയിട്ടുള്ളതുപോലെ! ഇത് തെറ്റാണ്. പക്ഷേ, ദീനീപരമായ അഭിവൃദ്ധി കരസ്ഥമാക്കുന്നതിനും സ്വന്തം പരിഷ്കരണത്തിനുമുള്ള അടിത്തറയാണിത്. അത് അല്ലാഹു പറഞ്ഞ ഒരു അടിത്തറയാണ്. ആളുകൾ കൂടുമ്പോൾ, വൻജനാവലി ഉണ്ടാകുമ്പോൾ ഇക്കാര്യങ്ങളും ശ്രദ്ധിക്കേണ്ടതാണ്. നമ്മൾ ദീനീപരമായ അഭിവൃദ്ധിക്ക്, നമ്മുടെ പരിഷ്കരണത്തിന് സംഘടിക്കുന്ന ജൽസയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ നമ്മുടെ പരിഷ്കരണത്തിന്റെ നിലവാരം ഉയരുന്നതാണ്. ജൽസ ഒരു ആരാധനയൊന്നുമല്ല. പക്ഷേ, തീർച്ചയായും ട്രേനിംഗ് ക്യാമ്പാണ്. അത് ആത്മീയതയിൽ അഭിവൃദ്ധിപ്പെടുന്നതിന് ആരംഭിക്കപ്പെട്ടിട്ടുള്ളതാണ്. ഇതിൽ നമ്മൾ അശ്ലീലങ്ങൾ, തെറിപറയൽ, മോശവും വ്യർഥവുമായ കാര്യങ്ങൾ പറയൽ, കഥകൾ കേൾപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്യുകയാണെങ്കിൽ നമ്മുടെ ഉദ്ദേശ്യം പൂർത്തിയാകുകയില്ല. അതുകൊണ്ട് ഈ എല്ലാ കാര്യങ്ങളിൽനിന്നും നമുക്ക് രക്ഷപ്പെടേണ്ടതാണ്. നമ്മൾ വ്യർഥമായ കാര്യങ്ങളിൽനിന്നും നിരർഥമായ സംസാരങ്ങളിൽനിന്നും രക്ഷപ്പെടുകയാണെങ്കിൽ തീർച്ചയായും സമാധാനപൂരിതവും നന്മകൾ വിതറുന്നതുമായ ചുറ്റുപാടുണ്ടാകുകയും ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാവുകയും ചെയ്യുന്നതാണ്. അതിനാൽ അല്ലാഹുവിന്റെ അനുസരണവൃത്തത്തിൽനിന്ന് പുറത്തുപോകുന്ന പാപമായ 'ഫുസൂഖി'ൽനിന്ന് രക്ഷപ്പെടേണ്ടതാണ്. നമ്മൾ തികച്ചും ദീനീപരമായ ഉദ്ദേശ്യത്തിന് വന്ന സ്ഥിതിക്ക് അല്ലാഹുവിനെ അനുസരിക്കേണ്ടതിന്റെ നുകം എപ്പോഴും നമ്മുടെ പിടലിയിൽ വെക്കേണ്ടത് നിർബന്ധമായ കാര്യമാണ്.

അതുകൊണ്ട് പറഞ്ഞതിന്റെ ചുരുക്കം വിശുദ്ധ ഖുർആനിന്റെ അധ്യാപനം നമ്മുടെമേൽ നടപ്പിൽ വരുത്തിക്കൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ കടമയും നമ്മൾ നിറവേറ്റേണ്ടതാണെന്നാണ്.

പിന്നീട് ബന്ധങ്ങൾ വിച്ഛേദിക്കപ്പെടുന്നതിന് അങ്ങേയറ്റം മോശമായ വഴിയായിത്തീരുന്നതും വർഷങ്ങളോളം വിച്ഛേദിക്കപ്പെട്ടിരിക്കുന്നതുമായ ക

## ഇർശാദുന്നബ്‌വി(സ)

"സ്ത്രീ തന്റെ ഭർതൃഭവനത്തിന്റേയും അവന്റെ സന്താനങ്ങളുടേയും സംരക്ഷകയാണ്."

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

"ഒരു സത്യവിശ്വാസിയും തന്റെ സത്യവിശ്വാസിനിയായ ഭാര്യയോടു കോപിക്കരുത്."

(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ർമമാണിത്. കലഹങ്ങൾ നടന്നുകൊണ്ടേയിരിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടാനുള്ള കല്പനയാണ് നല്കിയിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ജൽസയുടെ ഉദ്ദേശ്യങ്ങൾ യഥാർഥത്തിൽ ഈ മൂന്നു കാര്യങ്ങൾക്കു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു. അതായത് നമ്മുടെ പരിഷ്കരണത്തിന് അവസരം കിട്ടണം. ആത്മാവിന്റെ പരിഷ്കരണം ഉണ്ടാകണം. വ്യർഥമായ കാര്യങ്ങളിൽനിന്ന് വിട്ടു നിൽക്കണം. അല്ലാഹുവിലേക്ക് ശ്രദ്ധ ഉണ്ടാകണം. അവന്റെ കല്പനകളനുസരിച്ച് തികഞ്ഞ അനുസരണത്തോടുകൂടി നടക്കുന്നതിലേക്ക് പ്രത്യേകമായ ശ്രദ്ധ ഉണ്ടാകണം.നമ്മുടെ സഹോദരങ്ങളോട് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും പ്രത്യേകമായ ബന്ധം സ്ഥാപിതമാകണം. എല്ലാ തരത്തിലുള്ള സ്വാർഥതയും കലഹവും അവസാനിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പരസ്പരമുള്ള കടമകൾ നിർവഹിക്കുന്നതിലേക്ക് ആളുകൾ ശ്രദ്ധിക്കുന്നില്ലെന്നും സ്വാർഥത ചിലയാളുകളിൽ അതിജയിച്ചു നില്ക്കുന്നുവെന്നും ചെറിയ ചെറിയ കാര്യങ്ങളിൽ വാദപ്രതിവാദങ്ങളിൽ ഇടപെടുന്നുവെന്നും കലഹത്തിന്റെ രൂപം പ്രാപിക്കുന്നുവെന്നും കണ്ടപ്പോൾ വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ട് ഒരു വർഷം ജൽസ തന്നെ വേണ്ടെന്നുവച്ചു.'(ശഹാദത്തുൽ ഖുർആൻ റൂഹാനീഖസായിൻ വാള്യം 6 പേജ് 394)

അതിനാൽ ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും ഈ ദിനങ്ങളിൽ എല്ലാ ചെറുതിൽ ചെറുതായ കാര്യങ്ങളിൽപോലും തങ്ങളുടെ ആത്മാവിന്റെ പരിഷ്കരണത്തിലേക്ക് ശ്രദ്ധിക്കണമെന്ന കാര്യം ഓർമവെക്കേണ്ടതാണ്. തങ്ങളുടെ സമയം ഇവിടെയും അവിടെയും നടന്ന് പാഴാക്കുന്നതിനു പകരം ജൽസയിൽ പങ്കെടുക്കുന്നതിന്റെ ഉദ്ദേശ്യത്തെ പൂർത്തിയാക്കിക്കൊണ്ട് ജൽസയിലെ എല്ലാ പരിപാടികളും കേൾക്കേണ്ടതാണ്. എല്ലാ പ്രസംഗകരുടേയും പ്രസംഗങ്ങളിൽനിന്ന് പരിഷ്കരണത്തിന്റേയും നന്മകളുടേയും കാര്യങ്ങൾ ലഭിക്കുന്നതാണ്. തങ്ങൾക്കൊന്നും കിട്ടിയിട്ടില്ലെന്നോ തങ്ങൾ വലിയ ആലിമാണെന്നോ ആർക്കും പറയാൻ പറ്റുകയില്ല. എത്രവലിയ ആലിമായാലും എന്തെങ്കിലുമൊക്കെ കാര്യങ്ങൾ കിട്ടുന്നതാണ്. അല്ലെങ്കിൽ കുറഞ്ഞ പക്ഷം ഓർമ പുതുക്കലെങ്കിലും നടക്കുന്നതാണ്. അതുകൊണ്ട് അവർ ശ്രദ്ധിച്ച് കേൾക്കേണ്ടതാണ്. തങ്ങളുടെ ആത്മീയത വർധിപ്പിക്കുന്നതിനുവേണ്ടി അല്ലാഹുവിനോടുള്ള ആരാധനയുടെ കടമ നിറവേറ്റുക. സമസൃഷ്ടികളോടുള്ള കടമ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ വഴക്കുകളുടേയും അനുസരണക്കേടിന്റേയും അതായത് വഴക്ക് ഉണ്ടാകുമോ ഇല്ലേ എന്നുള്ള പ്രശ്നമല്ല. ജൽസയുടെ യഥാർഥമായ കൃപാകടാക്ഷം പ്രാപിക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അനന്തരാവകാശികളാകുന്നതിനും പഴയ വഴക്കുകൾ എന്തെങ്കിലും നടന്നു വരുന്നുണ്ടെങ്കിൽ 'ഞാൻ മുമ്പേ എന്ന രീതിയിൽ' മുന്നിട്ട് വന്ന് ഐക്യപ്പെട്ട് ആ വഴക്കുകൾ അവസാനിപ്പിക്കേണ്ടതാണ്. നിങ്ങളുടെ അഹങ്കാരം അവസാനിപ്പിക്കേണ്ടതാണ്. എനിക്കറിയാം ഓരോ വർഷവും ജൽസയിൽ ചില കുടുംബങ്ങളിൽ, ചില ആളുകളിൽ ചില പഴയകാര്യങ്ങൾകൊണ്ട് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ചിലയാളുകൾ പരസ്പരം അടിപിടിയിലും പെടുന്നു. ജൽസയിൽ എല്ലാവരും ഇവിടെ വന്നിട്ടുണ്ടാകും. വെറുപ്പുള്ള ഇരുകക്ഷികളോ ആളുകളോ നേരിട്ട് മുട്ടാറുമുണ്ട്. ഇവിടെ എല്ലാ അഹ്മദികളും വരേണ്ടതുതന്നെയാണ്. അതുകൊണ്ട് നിങ്ങളെന്തിനു ജൽസയ്ക്കുവന്നുവെന്നോ വന്നില്ലായെന്നോ നമുക്ക് ചോദിക്കാൻ പറ്റുകയില്ല. വെറുപ്പുള്ള ആളുകളിൽ സ്ത്രീകളിലും പുരുഷന്മാരിലും ഇങ്ങനെ അവരുടെ പഴയവെറുപ്പുകൾ നടന്നുവരുമ്പോൾ പരസ്പരം അവർ കണ്ടുമുട്ടുമ്പോൾ നെറ്റിചുളിക്കാൻ തുടങ്ങുന്നു. നെറ്റിയിൽ ചുളിവുകൾ ഉണ്ടാകുന്നു. പിന്നീടു ചിലപ്പോൾ ചിലയാളുകൾ ദൂരെ നിന്നുതന്നെ പരിഹാസ വാക്കുകൾ പറയാൻ തുടങ്ങുന്നു. അവരോടു പറഞ്ഞിട്ടില്ല, വെറുതെ അങ്ങ് പറഞ്ഞു എന്ന മട്ടിലായിരിക്കും അവർ അത് പറയുന്നത്. വാസ്തവത്തിൽ ചൊടിപ്പിക്കുന്നതിനുവേണ്ടി മനഃപ്പൂർവം അതു പറഞ്ഞതായിരിക്കും. മനസ്സിൽ ആദ്യമേ വെറുപ്പു വെച്ചു പുലർത്തുന്ന രണ്ടാമത്തെകക്ഷിയും ദ്വേഷത്തിൽ എന്തെങ്കിലും പറഞ്ഞുകളയുന്നു. അതായത് ഒരു അനാവശ്യചലനംകൊണ്ട് വീണ്ടും അല്ലാഹുവിന്റെ അനുസരണവൃത്തത്തിൽനിന്ന് പുറത്തുപോകുന്നു. ചില ഘട്ടങ്ങളിൽ അടിപിടി വരെ ഉണ്ടാകുന്നു. തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കാൻ പറ്റാത്ത ഇത്തരക്കാരാരെങ്കിലുമുണ്ടെങ്കിൽ ജൽസയുടെ അന്തരീക്ഷത്തിനുമുമ്പേ വെളിയിൽപോകുന്നതാണ് നല്ലത്. ജൽസയിൽ പങ്കെടുക്കാതിരിക്കുക. ജമാഅത്തിന്റെ ദുഷ്പേരിന് കാരണക്കാരാകുന്ന അത്തരക്കാർ രണ്ടോ നാലോ ആളുകളായിരിക്കും. ജൽസയിൽവന്ന് അതിന്റെ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കുന്നതിനു പകരം അല്ലാഹുവിന്റെ വെറുപ്പ് സ്വീകരിക്കുന്നവരായിത്തീരുന്നു. ഒരു സദുദ്ദേശ്യത്തിനുവേണ്ടി സംഘടിക്കുന്ന മുഅ്മിൻ തന്റെ ആത്മീയമായ അഭിവൃദ്ധിയും സദുദ്ദേശ്യങ്ങളും കരസ്ഥമാക്കുന്നതിനു പകരം ഫിത്നയും ഫസാദും ഉണ്ടാക്കുന്നത് അല്ലാഹു എപ്പോഴെങ്കിലും ഇഷ്ടപ്പെടുമോ?

അല്ലാഹു വിജയങ്ങൾ കരസ്ഥമാക്കുന്നവരെ കുറിച്ച് പറഞ്ഞപ്പോൾ, വിനയപരമായ നമസ്കാരങ്ങൾക്കുശേഷം അനാവശ്യകാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കുന്നവരാണെന്നും പറയുന്നു: *ഖദ് അഫ്ലഹൽ മുഅ്മിനൂൻ അല്ലദീനഹും ഫീ സ്വലാത്തിഹിം ഖാശിഊൻ വല്ലദീനഹും അനില്ലഗ്വി മുഅ്രിളൂൻ* തീർച്ചയായും ആ വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തി കൈക്കൊള്ളുന്നവരാണ്. അനാവശ്യകാര്യങ്ങളിൽനിന്ന് പിൻമാറുന്നവരുമാണ്.(23:2-4)

അതിനാൽ ഇവിടെ ഒരു സദുദ്ദേശ്യത്തോടുകൂടിയാണ് വന്നിരിക്കുന്നത്. നമസ്കാരത്തിൽ ഏകദേശം എല്ലാവരും പങ്കെടുക്കുന്നുണ്ട്. പക്ഷേ, അല്ലാഹു പറയുന്നത് വിനയത്തോടുകൂടി നമസ്കരിക്കുക എന്നാണ്. അല്ലാഹുവിന് പൂർണ അനുസരണശാലികളായിക്കൊണ്ട് നമസ്കാരങ്ങൾ അനുഷ്ഠിക്കുക.ബാഹ്യമായ നമസ്കാരം ആയിരിക്കരുത്.

ജമാഅത്തായിട്ടുള്ള നമസ്കാരങ്ങളുടെ ഉദ്ദേശ്യം ഐക്യമുണ്ടാകുന്നതിനോടൊപ്പം ഒരു ശരീരമായിക്കൊണ്ട് അല്ലാഹവിന്റെ മുന്നിൽ ഹാജരാകുക എന്നതുമാണ്. ഇപ്രകാരം പരസ്പരമുള്ള ആത്മീയതയും നന്മയും ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പ്രവഹിക്കുക. ആകർഷിച്ചെടുക്കുക. വിനയത്തോടുകൂടി നമസ്കരിക്കുന്നവരുടേയും നിഷ്കളങ്കരായി അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരുടേയും സ്വാധീനം ദർജ താഴ്ന്ന കൂടെ നില്ക്കുന്നവരിൽ പതിയുന്നതാണ്. അല്ലാഹുവിനെ പൂർണമായും അനുസരിച്ചുകൊണ്ട് ഈ നമസ്കാരം അനുഷ്ഠിക്കുന്നവരിലും വിനയത്തോടെ നമസ്കരിക്കുന്നവരിലുമാണ് ഇക്കാര്യങ്ങളുണ്ടാകുന്നതെന്ന് അല്ലാഹു പറഞ്ഞതുപോലെ! ജൽസാ ദിനങ്ങളിൽ ഭക്തിനമ്രാദിയോടെയുള്ള നമസ്കാരങ്ങളിൽ തങ്ങൾക്ക് വളരെ രസാനുഭവമുണ്ടാകുന്നുണ്ടെന്ന് ധാരാളമാളുകൾ എനിക്കെഴുതാറുമുണ്ട്. ഈ രസാനുഭവം കരസ്ഥമാക്കാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്; മോക്ഷം പ്രാപിക്കുന്ന മുഅ്മിനീംകളിൽ പെടുന്നവരാകാൻ! അവർ വിജയികളാണ്. പക്ഷേ, അല്ലാഹു മോക്ഷം പ്രാപിക്കുന്നവർക്കും വിജയികൾക്കും വേണ്ടി പലവഴികളും പറഞ്ഞിട്ടുണ്ട്. ആ വഴികൾ സ്വായത്തമാക്കുന്നതിലൂടെ യഥാർഥവും സമ്പൂർണവുമായ വിജയം ലഭിക്കുന്നതാണ്.

ഞാനോതിയ ആയത്തിൽനിന്ന് പ്രകടമാകുന്നത് രണ്ടാമത്തെ വഴി അല്ലാഹു പറഞ്ഞത് വ്യർഥമായ കാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കലാണെന്നാണ്. ഈ ഭാഗത്തേക്കും എല്ലാ അഹ്മദികളും ജൽസയുടെ ദിനങ്ങളിലും അതിനുശേഷവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)'അല്ലഗ്വ്'എന്ന പദത്തെ വിശദീകരിച്ചുകൊണ്ട് പറയുന്നു:'ഇതിൽ എല്ലാ കാര്യങ്ങളും പെടുന്നു.അതായത് എല്ലാ തരത്തിലുള്ള കളവ്, എല്ലാ തരത്തിലുള പാപങ്ങൾ, ചീട്ടുകളി, ചൂതാട്ടം, വിടുവായത്തം, വിമർശനം ഇവയെല്ലാം ഇതിൽപ്പെടുന്നു.'(ഹഖാഇഖുൽ ഫുർഖാൻ വാള്യം 3 പേജ് 171)

ചീട്ടുകളിയുടേയും ചൂതാട്ടത്തിന്റേയും ഉദാഹരണമാണ് അവിടന്ന് നല്കിയത്. ഇതിൽനിന്ന് എനിക്ക് വാട്ട്സ്ആപ്പിലൂടെ അയക്കപ്പെട്ട ഒരു ചിത്രം ഓർമ വന്നു. നല്ല ചുറ്റുപാടും നല്ലതും പരിശുദ്ധവുമായ സ്ഥലങ്ങളും ചിലയാളുകളിൽ ഒരു സ്വാധീനവും ചെലുത്തുകയില്ല. ഹജ്ജിന് പോയ ഒരാളെ കുറിച്ച് ഞാൻ പറഞ്ഞു. അതിനുദാഹരണം നല്കി. ഏതൊരു ചിത്രത്തെ കുറുച്ചാണോ ഞാൻ പറയുന്നത്, അത് മസ്ജിദിൽ ഇഅ്തിക്കാഫ് ഇരിക്കുന്നവരുടെ ചിത്രമായിരുന്നു. ഇതിൽ ചിലയാളുകൾ വിശുദ്ധ ഖുർആനോ ഗ്രന്ഥങ്ങളോ പാരായണം ചെയ്യുന്നവരുണ്ടായിരുന്നു; അല്ലെങ്കിൽ ഹദീഥു തുടങ്ങിയവ വായിക്കുന്നുണ്ടായിരുന്നു. പക്ഷേ, കുറച്ചാളുകളുകൾ മസ്ജിദിൽ-മസ്ജിദിന്റെ പശ്ചാത്തലം തെളിഞ്ഞു കാണുന്നുണ്ടായിരുന്നു-ചീട്ടുകളിച്ചുകൊണ്ടിരിക്കുന്നു. എഴുതുന്നയാൾ അതിന് താഴെ 'ഈ ആളുകൾ മസ്ജിദ് നബവിയിൽ' ഇരിക്കുന്നവരാണെന്ന് കമന്റും എഴുതിയിരുന്നു. ഇതാണ് ചിലയാളുകളുടെ അവസ്ഥ. അവർ അനാവശ്യ കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് ആരാധനകളിലും പിൻമാറുന്നില്ല; എന്നിട്ടും ഇവർ നല്ല മുസ്ലീംകളാണത്രെ! അഹ്മദി കാഫിറും! ഈ ആളുകൾ അല്ലാഹുവിനേയും കർമപരമായി പരിഹസിക്കുകയാണ്. അവരെക്കാൾ അക്രമി മറ്റാരാണ്. മറ്റുള്ളവരുടെ ഈ മാതൃക നമ്മൾ കാണുമ്പോൾ ഒരിക്കലും നമ്മിൽ അത്തരം കാര്യങ്ങൾ ഉണ്ടാകാതിരിക്കാൻ അതിൽനിന്ന് നമ്മൾ പാഠം പഠിക്കേണ്ടതാണ്. അതിനോടൊപ്പം നമുക്ക് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് തന്നതിന് അല്ലാഹുവിന് നന്ദിയും പറയേണ്ടതാണ്. ആ മഹാത്മാവ് നമ്മളോട് ആവർത്തിച്ചാവർത്തിച്ച് വ്യർഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ പറഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യർഥകാര്യങ്ങളെ കുറിച്ച് വിശദീകരിച്ചുകൊണ്ട് ഒരിടത്ത് പറഞ്ഞു: 'മോക്ഷപ്രാപ്തരായ മുഅ്മിനുകൾ എന്നുപറയുന്നത് അവർ വ്യർഥമായ ജോലികൾ, വ്യർഥമായ സംസാരങ്ങൾ, വ്യർഥമായ പ്രവർത്തനങ്ങൾ, വ്യർഥമായ മജ്ലിസുകൾ, വ്യർഥമായ സഹവാസങ്ങൾ, വ്യർഥമായ ബന്ധങ്ങൾ, വ്യർഥമായ വികാരാവേശങ്ങൾ എന്നിവയിൽനിന്നെല്ലാം വിട്ടു നില്ക്കുന്നവരായിരിക്കും.'(ബറാഹീനെ അഹ്മദിയ്യാ ഭാഗം 5 റൂഹാനീ ഖസായിൻ വാള്യം 21 പേജ് 198)

ഹദ്റത്ത് മസീഹ് മൗഊദ്(അ)സകല വ്യർഥമായ കാര്യങ്ങളും അടയാളപ്പെടുത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ കാര്യങ്ങളെല്ലാം ഒന്ന് മറ്റൊന്നിനോട് ബന്ധപ്പെട്ടു നില്ക്കുന്നതാണ്. ഒരു വ്യർഥമായ കാര്യം മറ്റൊരു വ്യർഥമായ കാര്യത്തിലേക്ക് കൊണ്ടുപോകുന്നു. ചിന്തിക്കുകയാണെങ്കിൽ വ്യർഥമായ കാര്യങ്ങളും വ്യർഥമായ പ്രവർ

## ഇർശാദുന്നബ്വി(സ)

*"നീ ഭക്ഷിക്കുമ്പോൾ നിന്റെ ഭാര്യയെ ഭക്ഷിപ്പിക്കുകയും നീ വസ്ത്രം ധരിക്കുമ്പോൾ അവളെ ധരിപ്പിക്കുകയും ചെയ്യുക."* (അഹമദ്)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്വി(സ)

"സത്യവിശ്വാസികളിൽ പരിപൂർണനായവൻ അവരിൽവച്ച് ഏറ്റവും നല്ല സ്വഭാവമുള്ളവനാകുന്നു.' (തുർമുദി)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്വി(സ)

"നിങ്ങളിൽവച്ച് ഏറ്റവും ഉത്തമൻ തങ്ങളുടെ ഭാര്യമാരോട് നല്ലനിലയിൽ വർത്തിക്കുന്നവനാണ്." (തുർമുദി)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

ത്തനങ്ങളും ആരിൽനിന്നാണോ ഉണ്ടാകുന്നത് അവർ വ്യർഥമായ മജ്‌ലിസുകളിൽ ഇരിക്കുന്നവരായിരിക്കും. അനാവശ്യ കാര്യങ്ങൾ ചെയ്യുന്ന ആളുകളുടെ സഹവാസത്തിൽനിന്നും അവരുമായി ഇടപഴകുന്നതിൽനിന്നും ബന്ധങ്ങളിൽനിന്നും അനാവശ്യമായ ആവേശങ്ങളും ഉണ്ടാകുന്നതാണ്. അവരിൽനിന്നാണ് നിസാരകാര്യങ്ങളിൽ പോലും കോപവും ദ്വേഷവും ഉണ്ടാകുന്നത്. ഇപ്പോൾ ഇഅ്തിക്കാഫിനിരുന്ന് ചീട്ടുകളിക്കുന്നവരുടെ ഉദാഹരണം ഞാൻ പറഞ്ഞു. പറയുമ്പോൾ മസ്ജിദിലാണിരിക്കുന്നത്. പക്ഷേ ഇബാദത്തിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനുപകരം അനാവശ്യ കാര്യങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്. അവരോടൊപ്പം ഇരിക്കുന്നവരും അത്തരക്കാരെപ്പോലെതന്നെയായിരിക്കും. മസ്ജിദിലിരിക്കുകയാണെങ്കിലും വേണ്ടില്ല അത്തരക്കാരുടെ സഹവാസവും മോശമാക്കുന്നു. പക്ഷേ, ജൽസയിൽ പങ്കെടുക്കാൻ വരുന്ന നമ്മളിൽ ഈ ദിനങ്ങളിൽ, ജൽസാ ദിനങ്ങളിൽ മാത്രമല്ല മറിച്ച് അതിനുശേഷവും നമ്മുടെ സഹവാസത്തിലിരിക്കുന്നവർ എപ്പോഴും വ്യർഥമായ കാര്യങ്ങളിൽനിന്ന് വിട്ടു നിലക്കുന്നവരാകും വിധമുള്ള മാറ്റമാണുണ്ടാകേണ്ടത്. എങ്ങനെയുള്ള മജ്‌ലിസുകളെന്നാൽ അവരോടൊപ്പമിരിക്കുന്നവർ ഒരിക്കലും നിഷേധിക്കപ്പെടുന്നവരാകുകയില്ല. അല്ലാഹുവിന്റെ പക്കൽ സ്വീകരിക്കപ്പെടുന്നവരായിരിക്കും. നമ്മുടെ സ്വഭാവം ഉന്നതമായിരിക്കണം. നമ്മുടെ സത്യസന്ധതയുടെ നിലവാരം ഉദാത്തമായിരിക്കണം. നമ്മുടെ കർമപരമായ മാതൃകകണ്ട് മറ്റുള്ളവരിലും നല്ല പരിവർത്തനമുണ്ടാകുന്നതാകണം.

ഒരിടത്ത് നമ്മളെ ഉപദേശിച്ചുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'മറ്റൊരു കാര്യവും നിർബന്ധമാണ്. അത് നമ്മുടെ ജമാഅത്ത് ഓർമവെക്കേണ്ടതാണ്. അതെന്താണെന്നുവച്ചാൽ നാവിനെ വ്യർഥസംസാരങ്ങളിൽനിന്ന് വിശുദ്ധമാക്കിവെക്കുക.' പറഞ്ഞു: 'നാവ് ശരീരത്തിന്റെ ഡേവഢിയാണ്. നാവിനെ ശുദ്ധീകരിക്കുന്നതുകൊണ്ട് അല്ലാഹു ശരീരത്തിന്റെ വാതിലിൽ വരുന്നു. അല്ലാഹു വതിലിൽ വന്നാൽ പിന്നീട് അകത്തു കടക്കുക എന്നതിൽ അത്ഭുതമെന്തിന്?"(മൽഫൂദാത്ത് വാള്യം 3 പേജ് 245-246 1985 ലണ്ടൻ പതിപ്പ്)

ഡേവഢി എന്താണ്? വീടിന്റെ മുഖ്യ(main) വാതിലിനാണ് ഡേവഢി എന്നു പറയുന്നത്. അല്ലാഹു നിങ്ങളുടെ വീടിന്റെ അടുത്തെത്തിയാൽ, വാതിൽക്കൽ വന്നാൽ പിന്നീട് അവിടന്ന് പറയുന്നു: അവൻ ഉള്ളിൽ വരിക എന്നത് വിദൂരമായ കാര്യമല്ല. അവൻ ഉള്ളിൽ വരികയില്ലെന്നോർത്ത് ആരും വിസ്മയപ്പെടുകയില്ല. അല്ലാഹു വ്യർഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നവരും സൽസ്വഭാവം കാണിക്കുന്നവരും മൃദുവായ ഭാഷ ഉപയോഗിക്കുന്നവരുമായവരുടെ അടുക്കൽ ആയിത്തീരുന്നു. എത്രമാത്രം അടുത്താകുന്നുവെന്നാൽ നന്മകളിൽ സ്ഥിരമായി നിന്നാൽ അല്ലാഹു അത്തരക്കാരുടെമേൽ തന്റെ കൃപാകടാക്ഷം ചൊരിഞ്ഞുകൊണ്ട് തന്റേതാക്കി എടുക്കുന്നു. അല്ലാഹു വീട്ടിൽ വരിക എന്നത് ആ ദാസനെ തന്റേതാക്കി എടുക്കുക എന്നതാണ്. അല്ലാഹു തന്റേതാക്കി എടുക്കുമ്പോൾ ആരാധനകളിലും നന്മകളിലും വളരുന്നതിനും മനുഷ്യന് തൗഫീഖ് കിട്ടിക്കൊണ്ടേപോകുന്നു. അതിനാൽ നന്മകളിൽനിന്ന് നന്മകളുണ്ടാകുന്നു. അല്ലാഹുവിന്റെ സാമീപ്യത്തിന്റെ വഴികൾ തുറന്നുകൊണ്ടേപോകുന്നു.

ഞാൻ ആദ്യമെ പറഞ്ഞു കഴിഞ്ഞതുപോലെ നമ്മൾ ഇവിടെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നതിനുമാണ് വന്നിരിക്കുന്നത്. ഇത് ഉദ്ദേശ്യമാകുമ്പോൾ പ്രസംഗങ്ങൾ കേട്ട് നമ്മുടെ ഉള്ളിൽ കർമപരമായ മാറ്റം ഉണ്ടാക്കാത്തിടത്തോളം വൈജ്ഞാനികമായ നിർവൃതി അടയുന്നതുകൊണ്ട് ആ ഉദ്ദേശ്യം കരസ്ഥമാക്കുക സാധ്യമല്ല. കർമപരമായ മാറ്റങ്ങൾക്കുവേണ്ടി ആരാധനാകർമങ്ങൾ നിർവഹിച്ചുകൊണ്ട് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനോടൊപ്പം ഉന്നതമായസ്വഭാവവും വ്യർഥകാര്യങ്ങളിൽനിന്ന് രക്ഷപ്പെട്ട് പരസ്പരമുള്ള കടമകളും നിറവേറ്റേണ്ടതാണ്. അതിനാൽ ഇതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ട ആവശ്യമാണുള്ളത്.

അല്ലാഹു നമ്മുടെ തെറ്റുകുറ്റങ്ങൾ മറച്ചുവെക്കുന്നുവെന്നത് അവന്റെ കൃപയാണ്. നമ്മുടെ തെറ്റുകൾ പൊന്തി അന്യരുടെ മുമ്പിൽ വരാറില്ല. നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തുകയാണെങ്കിൽ നമ്മളിൽ എത്രയെത്ര തെറ്റുകളും കുറവുകളുമാണുള്ളതെന്ന് അറിയുന്നതാണ്. നമ്മളിൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ നിലവാരമനുസരിച്ച് എത്രബലഹീനകളുണ്ടെന്ന് നോക്കേണ്ടതാണ്. ഈ കുറവുകൾ ജമാഅത്തിനും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നും ദുഷ്‌പേരിന് കാരണമായേക്കാവുന്നതാണ്. അതുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു:'എന്റെ പേരു പറഞ്ഞ് എനിക്ക് ചീത്തപ്പേരുണ്ടാക്കാതിരിക്കുക.'(മൽഫൂദാത്ത് വാള്യം 1 പേജ് 146 1985 ലണ്ടൻ പതിപ്പ്)

നമ്മുടെ ആരാധനകളുടെ നിലവാരം നല്ലതല്ലെങ്കിൽ നമ്മൾ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പേരിനു ദോഷമുണ്ടാക്കുന്നതിന് കാരണക്കാരായി തീരുന്നതായിരിക്കും. നമ്മുടെ സ്വഭാവം നല്ലതല്ലെങ്കിൽ നമ്മൾ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പേരിനു ദോഷമുണ്ടാക്കുന്നതിന് കാരണക്കാരായി തീരുന്നതായിരിക്കും. നമ്മൾ വ്യർഥമായ കാര്യങ്ങൾക്ക് അടിപ്പെട്ടു കിടക്കുകയാണെങ്കിൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പേരിനു ദോഷമുണ്ടാക്കുന്നതിന് കാരണക്കാരായിരിക്കും. അതുകൊണ്ട് വളരെ വലിയ ഉത്തരവാദിത്വം അഹ്‌മദികളായ നമ്മളിലുണ്ട്. നമ്മൾ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടത് അനിവാര്യമാണ്.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'ആരാണോ ഈമാനിനെ നിലനിറുത്താനാഗ്രഹിക്കുന്നത് അവൻ സൽക്കർമങ്ങളിൽ അഭിവൃദ്ധിപ്പെട്ടുകൊള്ളട്ടെ.' പറഞ്ഞു:'ഇത് ആത്മീയമായ കാര്യങ്ങളാണ്. കർമങ്ങളുടെ സ്വാധീനം വിശ്വാസത്തിനുമേൽ പതിക്കുന്നു.' (മൽഫൂദാത്ത് വാള്യം 6 പേജ് 366 1985 ലണ്ടൻ പതിപ്പ്)

സൽസ്വഭാവമില്ലാതെ, സൽക്കർമമില്ലാതെ വെറും വിശ്വാസാദർശത്തിന്റെ അടിസ്ഥാനത്തിൽ അങ്ങേറ്റം ഉറച്ച അഹ്‌മദിയാണെന്ന് പറയുന്നത് മതിയായതല്ല. കാരണം സൽകർമങ്ങളിലുണ്ടാകുന്ന ബലഹീനതകൾ മെല്ലെ മെല്ലെ ഈമാനിന്റെ ബലഹീനതയ്ക്ക് നിമിത്തമാകുന്നതാണ്.

പിന്നീട് നമസ്കാരത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "നമസ്കാരം അലിവോടും ചൂടോടുംകൂടി നിർവഹിക്കുക. ധാരാളമായി ദുആ ചെയ്യുക"(മൽഫൂദാത്ത് വാള്യം 6 പേജ് 367 1985 ലണ്ടൻ പതിപ്പ്)

അതിനാൽ അല്ലാഹുവുമായിട്ടുള്ള ബന്ധം സുദൃഢമാക്കാൻ ഈ ദിവസങ്ങളിൽ എപ്പോഴും നമ്മുടെ നമസ്കാരങ്ങളിൽ നീറ്റലും അലിവും ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. ഈ ജൽസയിൽ പങ്കെടുക്കുന്നതിന്റെ യഥാർഥമായ ഉദ്ദേശ്യം നമ്മൾ ആത്മീയമായ നിലയിൽ അഭിവൃദ്ധിപ്പെടുക എന്നതാണ്.

പരസ്പരം നല്ല ബന്ധങ്ങൾ ഉണ്ടാക്കണമെന്നും ഒരാൾ മറ്റൊരാളുടെ വികാരങ്ങളെ ശ്രദ്ധിക്കണമെന്നും പറഞ്ഞുകൊണ്ട് അവിടന്ന് പറയുന്നു: 'വാത്സല്യത്തോടും മൃദുഭവത്തോടും കൂടി നാം നമ്മുടെ മക്കളോടു പെരുമാറുന്നതുപോലെ പരസ്പരം സഹോദരങ്ങളോടു പെരുമാറുക.' പറഞ്ഞു: 'ആരുടെ സ്വഭാവമാണോ നല്ലതല്ലാത്തത് അവന്റെ ഈമാനിനെ കുറിച്ച് എനിക്ക് ആശങ്കയുണ്ട്. കാരണം അവനിൽ അഹങ്കാരത്തിന്റെ ഒരു വേരുണ്ട്.' (മൽഫൂദാത്ത് വാള്യം 6 പേജ് 369 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറയുന്നു: 'അഹങ്കാരി മറ്റുള്ളവരോടു സഹതാപമുള്ളവനാകുകയില്ല. നിങ്ങളുടെ സഹതാപം കേവലം മുസ്‌ലീംകളിൽമാത്രം പരിമിതമാക്കരുത്. എല്ലാവരോടും അതു കാണിക്കുക. മുസ്‌ലിമായാലും വേണ്ടില്ല, അമുസ്‌ലിം ആയാലും വേണ്ടില്ല സഹതാപം കാണിക്കുക.' പറഞ്ഞു: 'അല്ലാഹു എല്ലാവരുടേയും റബ്ബാണ്. പരിപാലകനാണ്. മുസ്‌ലീംകളുടെ മാത്രം റബ്ബല്ല. അല്ലാഹു എല്ലാവരുടേയും റബ്ബാണ്. അത് ആരായാലും വേണ്ടില്ല. ഏതു മതവുമായിബന്ധപ്പെട്ടരായാലും വേണ്ടില്ല.' പിന്നീടു പറയുന്നു: 'അതേ, മുസ്‌ലീംകളോടു പ്രത്യേകമായ രീതിയിൽ സഹതാപം കാണിക്കുക.' മനുഷ്യത്വമെന്ന നിലയിൽ എല്ലാവരോടും സഹതാപം കാണിക്കേണ്ടതാണ്. 'പിന്നീടു മുത്തഖികളോടും സ്വാലിഹീംകളോടും അതിനെക്കാൾ പ്രത്യേകമായും.' (മൽഫൂദാത്ത് വാള്യം 6 പേജ് 371 1985 ലണ്ടൻ പതിപ്പ്) മുത്തഖിയായിട്ടുള്ളവരോട്, സ്വാലിഹീംകളിൽപ്പെട്ടവരോടു പിന്നീട് ബന്ധം കൂടുതൽ വർധിക്കുന്നു. വർധിക്കേണ്ടതുമാണ്.

നമുക്ക് നമ്മുടെ ഉള്ളിൽ ആത്മീയമായ മാറ്റം ഉണ്ടാക്കാൻ പര്യാപ്തമാകുന്ന ഉപദേശങ്ങളാണിത്. ഒരാൾ മറ്റൊരാൾക്കുവേണ്ടി സഹതാപവികാരങ്ങൾ ഉള്ളിലുണ്ടാക്കുകയും അഹങ്കാരത്തെ മനസ്സിൽനിന്ന് പുറത്തെടുത്തു കളയുന്നവരാകുകയും നമ്മുടെ മക്കളോടെന്ന പോലെ പരസ്പരം മൃദുഭാവത്തോടും മാർദവത്തോടും സ്നേഹത്തോടും സംസാരിക്കുന്നവരാകുകയും ചെയ്യുകയാണെങ്കിൽ ചിലപ്പോൾ നമ്മെ പരീക്ഷണങ്ങളിൽ അകപ്പെടുത്തിക്കളയുന്ന ഈ എല്ലാ വഴക്കുകളിൽനിന്നും കുഴപ്പങ്ങളിൽനിന്നും നമ്മൾ രക്ഷപ്പെട്ടവരായിരിക്കും. ഞാൻ പറഞ്ഞതുപോലെ ഇവിടെ ജൽസയിലും അത്തരം പ്രകടനം ഉണ്ടായിപ്പോകാറുണ്ട്. ഇനി ഞാൻ പറയുന്നത് നമ്മളിവിടെ സംഘടിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം നമ്മുടെ ആത്മീയവും കർമപരവുമായ അവസ്ഥയ്ക്ക് അഭിവൃദ്ധി നല്കുക എന്നതാണ്. ഈ ഉദ്ദേശ്യം നമുക്ക് പൂർത്തിയാക്കാൻ സാധിക്കുന്നത് ഒരു ശ്രമംകൊണ്ട് അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കുമ്പോഴാണ്. അതിനാൽ ഈ ദിനങ്ങളിൽ വളരെ ശ്രദ്ധയോടെ ഇക്കാര്യം ഓർക്കുക. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ജൽസയുടെ സംഘാടകരോടും പൂർണമായും സഹകരിക്കുക. അവസ്ഥകൾ കാരണത്താൽ ചിലപ്പോൾ പ്രവേശന വഴികളിൽ ചെക്കിംഗ് തുടങ്ങിയവയിൽ സമയമെടുത്താൽ അവിടെയും ക്ഷമിക്കുക. സഹിഷ്ണുതയോടും ക്ഷമയോടുകൂടി പ്രവർത്തിക്കുക. ജോലികൾ ചെയ്യുന്ന ഈ ധാരാളം ഉദ്യോഗസ്ഥന്മാരോടും ഉദ്യോഗസ്ഥകളോടും പുരുഷന്മാരോടും സ്ത്രീകളോടും ആൺകുട്ടികളോടും പെൺകുട്ടികളോടും പൂർണമായും സഹകരിക്കുക. പ്രായം നോക്കാതിരിക്കുക. ഏതൊരു ജോലിയാണോ അയാളെ ഏല്പിച്ചിട്ടുള്ളത് അത് നടപ്പിൽ വരുത്തുന്നതിന് അയാൾ നിങ്ങളോടെന്തെങ്കിലും പറഞ്ഞാൽ അതു നിങ്ങൾ ചെയ്യേണ്ടതാണ്. അല്ലാഹു അയാൾക്ക് ശരിയായ നിലയിൽ പ്രവർത്തിക്കാൻ തൗഫീഖ് നല്കുന്നതിന് അയാൾക്കുവേണ്ടി ഒരുപാട് ദുആകളും ചെയ്യുക. ഈ ജൽസയിൽനിന്ന് യഥാർഥമായ അനുഗ്രഹം പ്രാപിക്കാനും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അനന്തരാവകാശിയാകാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

◆

# സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ്

**കോഴിക്കോട്:** മാത്തോട്ടം അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ സൗജന്യമായി പ്രവർത്തിച്ചുവരുന്ന താഹിർ ഹോമിയോ ക്ലീനിക്കിന്റെ ആഭിമുഖ്യത്തിൽ നടുവട്ടം ഗോവിന്ദവിലാസം എൽ.പി.സ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കോർപ്പറേഷൻ കൗൺസിലർ പി.പി.ബീരാൻകോയ ഉദ്ഘാടനം ചെയ്തു. ഗോവിന്ദവിലാസം എൽ.പി. സ്കൂൾ പ്രധാന അധ്യാപിക ടി.കെ.ശ്യാമള, മാത്തോട്ടം അഹ്‌മദിയ്യാ ജമാഅത്ത് അമീർ എം.റഫീഖ് അഹ്‌മദ്, ടി.അഹ്‌മദ് സഊദ്, ഡോക്ടർ ശരീഫ് അഹ്‌മദ് എന്നിവർ പ്രസംഗിച്ചു. ഡോ.ശംന പി.ഹനീഫ്, ഡോ.രഹ്‌ന ഹാരിസ്, ഡോ. ഷറിൻ നിഷാദ്, ഡോ.ശരീഫ് അഹ്‌മദ് എന്നിവർ രോഗനിർണയം നടത്തി. തുടർന്നും ക്ലീനിക്കിൽ ചികിത്സയും മരുന്നും സൗജന്യമായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു. ഞായർ, തിങ്കൾ, ബുധൻ ദിവസങ്ങളിൽ രാവിടെ എട്ടുമുതൽ പത്തുവരെയാണ് പ്രവർത്തന സമയം. മാതൃഭൂമി (2016 19 സെപ്റ്റംബർ), മലയാള മനോരമ, മാധ്യമം, ചന്ദ്രിക, ജന്മഭൂമി എന്നീ പത്രങ്ങൾ മെഡിക്കൽ ക്യാമ്പിന്റെ വാർത്തകൾ പ്രസിദ്ധീകരിച്ചു.

## അഹ്മദിയ്യാ ജമാഅത്തിന്റെ ജോലിതന്നെ സൃഷ്ടിസേവനമാണ്; ജനങ്ങൾക്ക് പ്രയോജനപ്പെടുക എന്നതാണ്.

♦ നിങ്ങളുടെ ജീവിതോദ്ദേശ്യം സ്രഷ്ടാവും ഈലോകത്ത് ഒരുപാട് മനോഹരമായ വസ്തുക്കൾ തന്നനുഗ്രഹിച്ചവനുമായ അല്ലാഹുവിനെ ആരാധിക്കുക എന്നതാണെന്ന് ലോകത്തോടു പറയുക' എന്നതാണ് നമ്മുടെ ഉദ്ദേശ്യം. രണ്ടാമത്തെ ഉദ്ദേശ്യം അല്ലാഹുവിന്റെ സൃഷ്ടികൾക്ക് സേവനം ചെയ്യുക എന്നതാണ്. ഇതാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെ ചുരുക്കം. ♦ ഇവിടെനിന്ന് അനുരക്തിയുടേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ആത്മാർഥതയുടേയും സന്ദേശം പുറപ്പെടുന്നതായിരിക്കും. ♦ മതത്തിൽ ഏതെങ്കിലും വിധത്തിലുള്ള ബലാൽക്കാരം ചെയ്യാവുന്നതാണെന്നുള്ള ഒരു കാര്യങ്ങൾക്കും ഇസ്‌ലാമികാധ്യാപനങ്ങളിൽ ഇടമില്ല. ♦അഹ്മദിയ്യാ ജമാഅത്തിനു പുറമെയും വിവിധ രാജ്യങ്ങളിൽനിന്ന് മുസ്‌ലീകൾ വന്നുകൊണ്ടിരിക്കുന്നു. അവരോടും എനിക്കു പറയാനുള്ളത് സ്നേഹത്തിന്റേയും അനുരക്തിയുടേയും അധ്യാപനമാണ് ഇസ്‌ലാമിന്റേതെന്ന കാര്യം മസ്സിലാക്കുക എന്നാണ്. ♦ തദ്ദേശവാസികൾ അഭയാർഥികൾക്ക് ഇവിടെ താമസിക്കാൻ സ്ഥലം നല്കിയിട്ടുണ്ടെങ്കിൽ ആ ഉന്നതമായ സ്വഭാവത്തിനുള്ള മറുപടി ഉന്നതമായ സ്വഭാവം കൊണ്ട് നല്കുക എന്നത് ആ അഭയാർഥികളുടേയും ജോലിയാണ്.

**ജർമനിയിലെ നഗരമായ Plungstadt-ൽ മസ്ജിദിന്റെ ശിലാസ്ഥാപനകർമത്തിൽ അമീറുൽമുഅ്മിനീന്റെ പ്രഭാഷണം**

*(2016 ആഗസ്റ്റ് 28 ന് ജർമനിയിലെ നഗരമായ Plungstadt-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചുകൊണ്ട് അമീറുൽ മുഅ്മിനീൻ ചെയ്ത പ്രഭാഷണം)*

തശഹ്ഹുദും തഅവ്വുദും ബിസ്മിയും ഓതിയതിനു ശേഷം അമുറുൽമുഅ്മിനീൻ പറഞ്ഞു:

എല്ലാ അതിഥികൾക്കും ജമാഅത്തംഗങ്ങൾക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു

ജർമനീ അഹ്മദിയ്യാ ജമാഅത്തിന് ജർമനിയിൽ വിവിധ സ്ഥലങ്ങളിൽ മസ്ജിദുകൾ നിർമിക്കാൻ സൗഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ വലിയ കൃപയും ഔദാര്യവുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ആരാധനയ്ക്കുള്ള സ്ഥലം ലഭിക്കുന്നിടത്ത് ജമാഅത്തിനെ പരിചയപ്പെടുത്തലും നടക്കുന്നു. ജമാഅത്തിനെക്കുറിച്ച് ജനങ്ങളിലുള്ള ആശങ്കകളും നീങ്ങുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജമാഅത്തിനെ പരിചയപ്പെടുത്തുന്നതിന് മസ്ജിദ് വളരെ സുപ്രധാന പങ്കാണ് വഹിക്കുന്നത്.

ജർമനീ അമീർ സാഹിബ് പറഞ്ഞു: 'ഈ നഗരം കുടിയേറ്റക്കാരെ(immigrants) സ്വാഗതം ചെയ്തു. integrate(സംയോജിപ്പിച്ചു) ചെയ്തു. തങ്ങളുടെ ഉള്ളിൽ വശീകരിച്ചു. വരുന്നവരും ഈ നഗരവാസികളുമായി നല്ല ബന്ധമുണ്ടാക്കി സ്വയം ഇവരിൽ സ്വാധീനം ചെലുത്തി. ഈ രണ്ടുഭാഗത്തുനിന്നുമുള്ള ആകർഷണം ഒരു സുപ്രധാന പ്രവർത്തനമാണ്. നഗരവാസികൾ വെളിയിൽനിന്നുവരുന്നവരെ വശീകരിക്കാൻ ആഗ്രഹിക്കാതെ അവരിൽനിന്ന് അകന്നു നില്ക്കാനാണ് ആഗ്രഹിച്ചിരുന്നതെങ്കിൽ ആര് എത്ര പരിശ്രമിച്ചാലും വിടവ് നിലനിൽക്കുമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ നഗരവാസികൾക്ക് നന്ദിപറയുകയാണ്. അവർ പുറത്തുനിന്ന് വന്നവരെ പ്രത്യേകിച്ചും അഹ്മദികളെ വശീകരിച്ചു. തദ്ദേശവാസികൾ നമുക്ക് തങ്ങളുടെ ഉള്ളിൽ താമസിക്കാൻ അവസരം നല്കി. നമ്മെ അവരുടെ ഉള്ളിൽ വശീകരിച്ചു. അപ്പോൾ അഹ്മദികളുടെ ജോലി അവരോടു ഏറ്റവും ഉന്നതമായ സുഹൃത്ബന്ധങ്ങൾ സ്ഥാപിക്കുക എന്നതായിരിക്കേണ്ടതാണ്. നമ്മൾ അവരുടെ എല്ലാ ആവശ്യങ്ങൾക്കും പ്രയോജനപ്പെടുന്നവരായിരിക്കേണ്ടതാണ്.'

അമീർ സാഹിബ് ചാരിറ്റിയെ(ദാനധർമ പ്രവർത്തനങ്ങളെ) കുറിച്ചും പറയുകയുണ്ടായി. അതായത് ചാരിറ്റിയുടെ ഒരുപാട് പണം വിതരണം ചെയ്യപ്പെട്ടത് ഈ നഗരവാസികളുടെമേൽ ചെയ്ത ഔദാര്യമൊന്നുമല്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ജോലിതന്നെ സൃഷ്ടിസേവനവും ജനങ്ങൾക്ക് പ്രയോജനപ്പെടുകയും ചെയ്യുക എന്നതാണ്. തന്റെ ഉദ്ദേശ്യംതന്നെ സൃഷ്ടിസേവനമാണെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഫാർസി കവിതയിൽ പറഞ്ഞിട്ടുള്ളത്. ഈ സുപ്രധാന ജോലി എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്. അതിനുവേണ്ടി നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്.

മീറ്റിംഗിൽ പങ്കെടുത്ത പ്രസംഗകർ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. അവരുടെ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് ഞാൻ ചില കാര്യങ്ങൾ പറയുകയാണ്. അമീർ സാഹിബിനെ ഉദ്ധരിച്ച് കാര്യങ്ങൾ ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. ഒരു കാര്യം അദ്ദേഹം പറഞ്ഞത് ഈ നഗരം 1886-ൽ നിലവിൽ വന്നുവെന്നാണ്. 1880 ന്റെ ദശകം എന്നുപറയുന്നത് അതിലാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ഇസ്‌ലാമിന്റെ സേവനത്തിന്റെ ചുമതല ഏറ്റെടുത്തത്. ഇസ്‌ലാമിന്റെ ശത്രുക്കളെ പ്രതിരോധിച്ചുകൊണ്ട് അദ്ദേഹം ധാരാളമെഴുതി. ഇസ്‌ലാമിന്റെ ശരിയായ അധ്യാപനം ലോകത്തിനുമുമ്പിൽ വെളിപ്പെടുത്തി. അവസാനം 1889-ൽ അഹ്മദിയ്യാ ജമാഅത്തിന് അടിത്തറപാകി. അങ്ങനെ 1880 ന്റെ ഈ ദശകം അഹ്മദിയ്യാ ജമാഅത്തിന്റെ രൂപീകരണത്തിന്റേയും ദശകമാണ്. ഇസ്‌ലാമിന്റെ ശരിയായ അധ്യാപനം ലോകത്തിനു പറഞ്ഞുകൊടുക്കുന്നതിനും ദീനിൽ ഉണ്ടായിക്കഴിഞ്ഞിട്ടുള്ള ദോഷങ്ങളും തിന്മകളും അകറ്റുന്നതിനുംവേണ്ടി അല്ലാഹു തന്നെ അയച്ചിരിക്കുന്നുവെന്ന് അവിടന്ന് വാദിച്ചപ്പോൾ അവിടത്തെ ഉദ്ദേശ്യം മുഴുലോകംവരേയും ഇസ്‌ലാമിന്റെ ശരിയായ അധ്യാപനം എത്തിക്കുക എന്നതായിരുന്നു. അല്ലാഹു ആ മഹാത്മാവിനോടു ഇൽഹമിലൂടെ പറഞ്ഞു:'ഞാൻ നിന്റെ പ്രബോധനത്തെ(തബ്‌ലീഗിനെ)ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതാണ്.' ഈ നഗരത്തിന് അടിത്തറയിട്ടതും അക്കാലഘട്ടത്തിലാണ്. അഹ്മദിയ്യാ ജമാഅത്ത് രൂപീകരിച്ച ആ ദശകത്തിൽ, ആ നേരത്ത് ജർമനിയിലെ ഒരു ചെറിയ സ്ഥലത്ത്-ആ ദിനങ്ങളിൽ ഇവിടെ ജനങ്ങൾ താമസിച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളൂ-അഹ്മദിയ്യത്ത് എത്തുമെന്നും യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങളുടെ പ്രവർത്തകർ ഇവിടെ എത്തുമെന്നും ആർക്കാണ് പറയാൻ കഴിയുമായിരുന്നത്? ഇന്ന് 130 വർഷത്തിനുശേഷം ഇവിടെ അക്കൂട്ടർ എത്തിയെന്നുമാത്രമല്ല 130 വർഷത്തിനുശേഷം തങ്ങളുടെ മസ്ജിദും നിർമിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത 'ഞാൻ നിന്റെ പ്രബോധനത്തെ(തബ്‌ലീഗിനെ)ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതാണെന്ന വാഗ്ദാനം പുലർന്നതിന് ഇതും ഒരു ദൃഷ്ടാന്തമാണ്.

മസ്ജിദ് നിർമിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്? മസ്ജിദ് നിർമിക്കുന്നതിന്റെ ഏറ്റവും വലിയ ഉദ്ദേശ്യം അല്ലാഹുവിന് ഇബാദത്ത് ചെയ്യുക എന്നതാണ്. നമ്മെ സൃഷ്ടിച്ച നമ്മുടെ ദൈവത്തിന്റെ മുമ്പിൽ കുമ്പിടുക. അവൻ എല്ലാവരുടേയും ദൈവമാണ്. അല്ലാഹു വെറും മുസ്‌ലീംകളുടെ അല്ലാഹു മാത്രമല്ല. അവൻ യഹൂദികളുടേയും അല്ലാഹുവാണ്, ക്രിസ്ത്യാനികളുടേയും അല്ലാഹുവാണ്. ഹിന്ദുക്കളുടേയും അല്ലാഹുവാണ്. അതുകൊണ്ട് 'നിങ്ങളുടെ ജീവിതോദ്ദേശ്യം സ്രഷ്ടാവും ഈലോകത്ത് ഒരുപാട് മനോഹരമായ വസ്തുക്കൾ തന്നനുഗ്രഹിച്ചവനുമായ അല്ലാഹുവിനെ ആരാധിക്കുക എന്നതാണെന്ന് ലോകത്തോടു പറയുക' എന്നതാണ് നമ്മുടെ ഉദ്ദേശ്യം. രണ്ടാമത്തെ ഉദ്ദേശ്യം അല്ലാഹുവിന്റെ സൃഷ്ടികൾക്ക് സേവനം ചെയ്യുക എന്നതാണ്. ഇതാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെ ചുരുക്കം. ഒന്ന് സ്വന്തം ദൈവത്തെ ആരാധിക്കുക. അവനോടുള്ള കടമ നിറവേറ്റുക. രണ്ടാമത്തേത് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുക. അവർക്ക് സേവനം ചെയ്യുക. ഞാൻ മുമ്പേയും പറഞ്ഞതുപോലെ അമീർസാഹിബും അതു പറയുകയുണ്ടായി, ഇവിടെ ചെലവഴിച്ച് ചാരിറ്റിയുടെ പണം, അതൊരു ഔദാര്യമൊന്നുമല്ല. പ്രത്യുത ഇത് ഇവിടെത്തെ ജനങ്ങളുടെ അവകാശമാണ്. അതാണ് നമ്മൾ നിറവേറ്റാൻ ശ്രമിക്കുന്നത്.

മേയർ സാഹിബിനും ഇവിടെത്തെ ജനങ്ങൾക്കും നന്ദി പറയുകയാണ്. മേയർ സാഹിബ് കുടിയേറ്റക്കാരുടെ സംരക്ഷണം പ്രകടിപ്പിക്കുകയുണ്ടായി. ഏതെങ്കിലും കാര്യത്തെ കുറിച്ച് അറിയില്ലെങ്കിൽ ചിലപ്പോൾ എതിർക്കപ്പെടുമെന്നത് ശരിതന്നെയാണ്. ഈ കുടിയേറ്റക്കാരുടെ സംരക്ഷണം കാരണത്താൽ ഇവിടെത്തെ ആളുകൾ എതിർക്കുകയും ചെയ്തു. പക്ഷേ, ആ എതിർപ്പ് മെല്ലെ മെല്ലെ അകന്നുപോയി. അല്ലെങ്കിൽ ഭൂരിഭാഗവും ആ എതിർപിനെ പരിഗണിച്ചില്ല. പരസ്പരം ആളുകളോടുള്ള ജമാഅത്തിന്റെ സൽപെരുമാറ്റവും പരസ്പരം കൂടിച്ചേർന്നുള്ള താമസവും integrate ആകുകയും വേണം. ഇതു മുന്നിൽവച്ചുകൊണ്ട് കൗൺസിലും മറ്റുള്ളവരും മസ്ജിദ് നിർമിക്കാൻ അനുവാദം തന്നു. ജനങ്ങളിൽ നിലനില്ക്കുന്ന എതിർപ്പ് മെല്ലെ മെല്ലെ അകന്നു പോകുന്നതാണ്. പ്രത്യേകിച്ചും മസ്ജിദ് നിർമിച്ചു കഴിഞ്ഞാൽ, മസ്ജിദ് നിർമിക്കുന്നതുകൊണ്ട് നഷ്ടമൊന്നുമുണ്ടായിട്ടില്ലെന്നും ഫലമാണുണ്ടായിട്ടുള്ളതെന്നും അവർ അറിയുന്നതായിരിക്കും. അഹ്മദീ മുസ്‌ലീകളെന്ന് പറയുന്നവർക്ക് അനുരക്തിയുടേയും സ്നേഹത്തിന്റേയും മുദ്രാവാക്യം മുഴങ്ങി കേൾക്കുന്ന ഒരു സ്ഥലമാണ് കിട്ടിയിരിക്കുന്നത്. ഇവിടെനിന്ന് അനുരക്തിയുടേയും

### ഇർശാദുന്നബ്‌വി(സ)

'താൻ ജീവിത ചെലവ് കൊടുക്കാൻ അനിവാര്യമായവരെ അവഗണിക്കൽത്തന്നെ ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം മതിയായ പാപമാകുന്നു." (അഹ്മദ്)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

### ഇർശാദുന്നബ്‌വി(സ)

"ഇഹലോകം താൽക്കാലിക വിഭവങ്ങൾ മാത്രമാണ്. ഐഹികവിഭവങ്ങളിൽ ഉത്തമമായത് സത്യസന്ധയായ ഭാര്യയാകുന്നു." (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

### ഇർശാദുന്നബ്‌വി(സ)

"അല്ലാഹുവിൽനിന്ന് പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് ഒരു വ്യക്തി തന്റെ കുടുംബത്തിൽ ചെലവഴിക്കുന്ന പക്ഷം അതിനും അവന് സ്വദഖയുടെ പ്രതിഫലം ലഭിക്കുന്നതാണ്" (ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

**ബദ്ർ വീക്കിലി ഖാദിയാൻ** *The Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 06 October Issue-31

**MANAGER**
**NAWAB AHMAD**
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ആത്മാർഥതയുടേയും സന്ദേശം പുറപ്പെടുന്നതായിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് മസ്ജിദ് നിർമിക്കുന്നതിന് അനുവാദം കിട്ടുന്നതിനുവേണ്ടി പ്രവർത്തിച്ച എല്ലാവർക്കും ഞാൻ നന്ദി പറയുകയാണ്.

അമീർസാഹിബ് ഇവിടെ പറയുകയുണ്ടായി. ഇതൊരു വളരെ വലിയ മസ്ജിദൊന്നുമല്ല. അതിന് വളരെ ഉയരമുള്ള മിനാരവുമില്ല. അതുകൊണ്ട് ജനങ്ങൾ ആശങ്കപ്പെടേണ്ട കാര്യമില്ല. മസ്ജിദിന്റെ നിർമാണം കൊണ്ട് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ, ആരെങ്കിലും കുഴപ്പങ്ങൾ ഉണ്ടാക്കാനാഗ്രഹിക്കുകയാണെങ്കിൽ അതിന് വലിയ മസ്ജിദിന്റെ ആവശ്യമൊന്നുമില്ല. ചെറിയ മസ്ജിദ്കൊണ്ടും അതിന് വ്യത്യാസമൊന്നും ഉണ്ടാകാൻ പോകുന്നില്ല. കുഴപ്പമുണ്ടാക്കുന്നവൻ ഒരു മുറിയിലിരുന്നും പദ്ധതി ആസൂത്രണം ചെയ്യുന്നതാണ്. അതുകൊണ്ട് ഇത് വലിയ മസ്ജിദല്ല എന്നത് വലിയ കാര്യമൊന്നുമല്ല. ഞാൻ വിചാരിക്കുന്നത് ഇവിടെ വലിയ മസ്ജിദു നിർമിച്ചിരുന്നെങ്കിൽ കൂടുതൽ സ്നേഹത്തിന്റേയും അനുരക്തിയുടേയും വലിയ ദൃശ്യങ്ങൾ കാണാൻ കഴിയുമായിരുന്നു എന്നാണ്. അതുകൊണ്ട് അമീർ സാഹിബ് പറഞ്ഞതിൽനിന്ന് ചെറിയ മസ്ജിദ് സ്നേഹത്തിന്റേയും അനുരക്തിയുടേയും മുദ്രാവാക്യം മുഴക്കുന്നതാണെന്നും വലിയ മസ്ജിദുകൾ കുഴപ്പങ്ങളുടെ വേരുകളാണെന്നും നിങ്ങളാരും ധരിക്കുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദുകൾ വലുതാകുന്തോറും ജനങ്ങളെ സേവിക്കുന്നതിന് അത്രയും വലിയ സ്നേഹത്തിന്റേയും അനുരക്തിയുടേയും സന്ദേശമായിരിക്കും ഞങ്ങളിൽനിന്ന് എത്തുന്നത്.

മേയർ സാഹിബ് തന്റെ ചില അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. തീർച്ചയായും മനുഷ്യത്വത്തിനുവേണ്ടി നമ്മൾ ഒന്നാണ്. ഇസ്‌ലാമിന്റെ അധ്യാപനവും ഇതുതന്നെയാണ്. എല്ലാ മതങ്ങൾക്കും അവകാശമുണ്ടെന്ന് അദ്ദേഹം വളരെ തുറന്ന ഹൃദയത്തോടെ പറഞ്ഞു. ഏതു മതവിശ്വാസികൾക്കും അവരുടേതായ അവകാശമുണ്ടെന്നാണ് ഇസ്‌ലാമും പറയുന്നുത്. മതത്തിന്റെ കാര്യങ്ങൾ മനസ്സുമായി ബന്ധപ്പെട്ടതാണ്. ആരേയും ബലാൽക്കാരമായി ഒരു മതത്തിലും ചേർക്കാൻ കഴിയുകയില്ല. ഏതെങ്കിലും മതത്തിൽ ചേരുന്നതിൽനിന്ന് ആരേയും തടയാനും സാധിക്കുകയില്ല. വിശുദ്ധ ഖുർആൻ പറഞ്ഞത്, ദീൻവിശ്വസിക്കുന്ന കാര്യത്തിൽ ഒരു ബലാൽക്കാരവുമില്ലെന്നാണ്. അത് വിശുദ്ധ ഖുർആനിലെ വ്യക്തമായ കല്പനയാണ്. ബലാൽക്കരമില്ലെന്ന് പറയുമ്പോൾ അമുസ്‌ലീംകൾക്ക് നഷ്ടംവരുത്താൻ ഏതെങ്കിലും മുസൽമാൻ പ്രകടിപ്പിച്ചാൽ ആ പ്രകടനം തെറ്റാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. എന്നല്ല മുസ്‌ലിം ആയതിനുശേഷവും ഇസ്‌ലാം ഉപേക്ഷിക്കുകയാണെങ്കിൽ അതിനും അനുവാദമുണ്ടെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ഒരു ബലാൽക്കാരവുമില്ല. അതുകൊണ്ട് മതത്തിൽ ഏതെങ്കിലും വിധത്തിലുള്ള ബലാൽക്കാരം ചെയ്യാവുന്നതാണെന്നുള്ള ഒരു കാര്യങ്ങൾക്കും ഇസ്‌ലാമികാധ്യാപനങ്ങളിൽ ഇടമില്ല.

സംക്ഷിപ്തമായി ഇതു പറയുകയാണ്. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ മതവിശ്വാസികളും ഈ രാജ്യത്ത് വസിക്കുമ്പോൾ ഒരു സമൂഹമെന്ന നിലയിൽ, ഒരു ജർമൻ പൗരനെന്ന നിലയിൽ ഇവിടെ വസിക്കുമ്പോൾ അവൻ വെളിയിൽനിന്ന് വന്നവനാണെങ്കിലും വേണ്ടില്ല, ഏതെങ്കിലും രാജ്യത്തിലെ റീജ്യണിൽനിന്ന് വന്നവനാണെങ്കിലും വേണ്ടില്ല ഇപ്പോൾ ജർമൻ പൗരനാണ്. രാജ്യത്തിന് അല്ലെങ്കിൽ അധികാരത്തിൽപ്പെട്ട ദേശത്തിന് സേവനം ചെയ്യുക എന്നത് അവന്റെ നിർബന്ധ കടമയാണ്.

ഇവിടെ പുതിയതായി വരുന്നവരുണ്ട്. അഹ്മദിയ്യാ ജമാഅത്തിനു പുറമെയും വിവിധ രാജ്യങ്ങളിൽനിന്ന് മുസ്‌ലീകൾ വന്നുകൊണ്ടിരിക്കുന്നു. അവരോടും എനിക്കു പറയാനുള്ളത് സ്നേഹത്തിന്റേയും അനുരക്തിയുടേയും അധ്യാപനമാണ് ഇസ്‌ലാമിന്റേതെന്ന കാര്യം മസ്സിലാക്കുക എന്നാണ്. ഞാൻ പറഞ്ഞതുപോലെ ഇസ്‌ലാമികാധ്യാപനങ്ങൾക്ക് അടിസ്ഥാനപരമായ രണ്ടു നിയമങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനെ സ്നേഹിക്കുക, അവനോടുള്ള കടമ നിറവേറ്റുക. രണ്ടാമത്തേത് അല്ലാഹുവിന്റെ സൃഷ്ടികളെ സ്നേഹിക്കുക, അവരോടുള്ള കടമ നിറവേറ്റുക.

ഞാൻ ആദ്യം പറഞ്ഞതുപോലെ ഇവിടെത്തെ വാസികൾ ഇവിടെ വസിക്കാൻ നിങ്ങൾക്ക് ഇടം നല്കിയിട്ടുണ്ട്. ഒരുപാട് അഭയാർഥികൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ പട്ടണത്തിൽ വന്നിട്ടുണ്ടോ എന്ന് എനിക്കറിയില്ല. എന്തായാലും ഈ രാജ്യത്തു വന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ രാജ്യത്തിന്റെ ഭരണകൂടം അല്ലെങ്കിൽ തദ്ദേശവാസികൾ അഭയാർഥികൾക്ക് ഇവിടെ താമസിക്കാൻ സ്ഥലം നല്കിയിട്ടുണ്ടെങ്കിൽ ആ ഉന്നതമായ സ്വഭാവത്തിനുള്ള മറുപടി ഉന്നതമായ സ്വഭാവം കൊണ്ട് നല്കുക എന്നത് ആ അഭയാർഥികളുടേയും ജോലിയാണ്. സ്വയം നിങ്ങളെ ഈ രാജ്യത്തിന്റെ ഭാഗമാക്കിത്തീർക്കാൻ ശ്രമിക്കുക.

ശേഷം വന്ന മുൻ മേയർ സാഹിബ് പറഞ്ഞു:'ഞാൻ രാഷ്ട്രീയത്തിൽ ആക്ടീവല്ല. അതുകൊണ്ട് ആദ്യം പ്രസംഗിക്കുന്നതിൽനിന്ന് പിന്മാറിയതാണ്.നമ്മൾ മനുഷ്യത്വത്തിന്റെ പേരിൽ ഇവിടെ വന്നിരിക്കുകയാണ്. മനുഷ്യത്വത്തിന് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ല. എല്ലാവരുടേയും വീക്ഷണങ്ങൾ വ്യത്യസ്തമായിരിക്കും. അതുകൊണ്ടാണ് അദ്ദേഹം നമുക്കുവേണ്ടി ഒരുപാടു കാര്യങ്ങൾ പറഞ്ഞത്.'

മുൻ മേയറിന്റെ കാലത്ത് ഒരുപാട് പണി നടന്നിരുന്നുവെന്ന് പുതിയമേയർ സാഹിബ് പറയുകയുണ്ടായി. ഞാൻ മനസ്സിലാക്കിയത് ശരിയാണെങ്കിൽ ഈ മേയർ സാഹിബിന്റെ കാലത്താണ് മസ്ജിദിന് സ്ഥലം ലഭിച്ചത്. അദ്ദേഹത്തിന് നമ്മൾ നന്ദി പറയേണ്ടതാണ്. അഹ്മദി എന്ന നിലയിൽ നമ്മൾ അദ്ദേഹത്തിനും ഇവിടെ വസിക്കുന്ന എല്ലാ പൗരന്മാർക്കും ഉറപ്പു നല്കുകയാണ്, മസ്ജിദുകൾ ആരാധനകൾ നടത്തുന്നതിനും മതപരമായ കല്പനകളെ പൂർത്തിയാക്കുന്നതിനുമാണ് ജനവാസമാകുന്നത്. ആര് ഏതു മതവുമായി ബന്ധം വെക്കുന്നു, ഏത് രാഷ്ട്രീയപാർട്ടിയുമായി ബന്ധം വെക്കുന്നു എന്ന കാര്യത്തിന് അല്ലെങ്കിൽ ഏതുപരിധി വരെ അവന് രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാം എന്ന കാര്യത്തിന് ഇതുമായി ഒരു ബന്ധവുമില്ല. ഇക്കാര്യം നമ്മളിലോരോരുത്തരും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇവിടെ താമസിക്കുന്ന അഹ്മദികളും നമ്മുടെ എല്ലാ പ്രവർത്തനങ്ങളും രാഷ്ട്രീയങ്ങൾക്കതീതമായി ചെയ്യേണ്ടണ്ടതാണ്. ആദ്യത്തെ മേയർ ഇപ്പോൾ മേയറല്ലെങ്കിലും ഞങ്ങൾ അദ്ദേഹത്തോടു നന്ദിയുള്ളവരാണ്. അദ്ദേഹത്തിന്റെ ഔദാര്യത്തെ അംഗീകരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് ഈ മസ്ജിദിന് അനുവാദം നല്കപ്പെട്ടത്. പുതിയ മേയറോടും നന്ദിയുള്ളവരാകേണ്ടതാണ്. അദ്ദേഹം ആദ്യ മേയറുടെ ജോലി മുന്നോട്ടുകൊണ്ടുപോയ ദേഹമാണ്. നമുക്ക് അനുവാദം നല്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ മുമ്പേയും പറഞ്ഞതുപോലെ നമ്മൾ എല്ലാവരോടും നന്ദിയുള്ളവരാണ്.

നിങ്ങൾക്ക് നഗരത്തിന് വെളിയിലാണ് സ്ഥലം കിട്ടിയതെങ്കിൽ ചിന്താകുലരാവേണ്ട ഒരു കാര്യവും അതിലില്ലെന്ന് മുൻ മേയർ പറയുകയുണ്ടായി. നമുക്കിത് വളരെ മനോഹരമായ സ്ഥലമായി തോന്നുന്നു. ഒരു മനോഹരമായ പ്രദേശത്ത്, പച്ചപ്പുല്ലും ചെടികളും ധാരാളമുള്ള പ്രദേശത്ത് മറ്റൊരു മനോഹരമായ കെട്ടിടം ഉയർന്നു വരുന്നതാണ്. അവിടെനിന്ന് സ്നേഹത്തിന്റേയും മൈത്രിയുടേയും മുദ്രാവാക്യം മുഴങ്ങുന്നതായിരിക്കും. അതിൽ വരുന്ന ആളുകൾ സ്നേഹവും അനുരക്തിയും വിതരണം ചെയ്യുന്നവരായിരിക്കും. വിളവുകളും ഒരു ഫലം നല്കുന്നു. തോട്ടവും ഫലം നല്കുന്നു. മസ്ജിദും ഒരു വിളവും സ്നേഹത്തിന്റേയും മൈത്രിയുടേയും ഫലം കായ്ക്കുന്ന ചെടികൾ മുളച്ചു വളരുന്ന പ്രദേശവുമാണ്. അതിൽനിന്ന് ചുറ്റുപാടുമുള്ളവർ ഫലമെടുക്കുന്നു. ഈ മസ്ജിദ് നിർമാണത്തിനുശേഷം ഇൻശാ അല്ലാഹ് ഇക്കാര്യങ്ങൾ ഇവിടെത്തെ ആളുകൾ കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

പട്ടണത്തിൽനിന്ന് ദൂരെയാണെന്ന കാര്യം അത്ര പ്രശ്നമുള്ളതല്ല. എനിക്കോർമയുണ്ട് നമ്മുടെ ചരിത്രങ്ങളിൽ എഴുതിയിട്ടുമുണ്ട്. മസ്ജിദ് ഫള്ൽ ലണ്ടൻ നില്ക്കുന്ന സ്ഥലം നമുക്ക് കിട്ടിയപ്പോൾ ലണ്ടനിൽനിന്ന് വളരെ ദൂരെയായിരുന്നു. വനമായിരുന്നു. ആ കാലത്തെ നമ്മുടെ ഇമാം, നമ്മുടെ മുബല്ലിഗ് ഹദ്റത്ത് ഖലീഫത്തുൽ ഥാനി(റ)യ്ക്കെഴുതി:'ഈ മസ്ജിദിന്റെ സ്ഥലം സർക്കാർ നമുക്ക് നല്കിയിട്ടുണ്ട്. പക്ഷേ, നഗരം വളരെ ദൂരെയാണ്. ആരു വരാനാണ്?' ഹദ്റത്ത് ഖലീഫത്തുൽ ഥാനി(റ)അദ്ദേഹത്തിന് മറുപടി നല്കി:'താങ്കൾ വ്യാകുലപ്പെടേണ്ട, നഗരം ഇവിടെ വരുന്നതാണ്.' ലണ്ടനിൽ ഇന്ന് എവിടെയാണോ മസ്ജിദ് ഫള്ൽ നില്ക്കുന്നത് അത് എല്ലാ അടിസ്ഥാനത്തിലും നഗരത്തിന്റെ ഏകദേശം കേന്ദ്രസ്ഥാനമായിരിക്കുകയാണ്. ഈ മസ്ജിദും ഇൻശാ അല്ലാഹ് നഗരകേന്ദ്രഭാഗമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

അദ്ദേഹം ഒരു കാര്യം ഇതും പറഞ്ഞു:'അല്ലാഹുവിനെ വിശ്വസിക്കുന്നവരുടെ ഇക്കാലത്തെ സങ്കല്പം അവിടെനിന്ന് ഫിത്നയും ഫസാദും മാത്രമേ ഉണ്ടാകുകയുള്ളു എന്നാണ്. തികച്ചും ശരിതന്നെയാണ്. പുതിയതായി വരുന്ന ചിലർ, ചില സ്വാർഥമതികൾ അല്ലാഹുവിന്റെ പേരിനെ ദുഷിപ്പിച്ചിരിക്കുന്നു. ഞാൻ മുമ്പേയും പറഞ്ഞതുപോലെ അല്ലാഹു ആരുടേയും കുത്തകയല്ല. അല്ലാഹുവിന്റെ നാമം ാീിുീഹശ്വല ചെയ്യാൻ സാധിക്കുകയില്ല. വിവിധ ഭാഷകളിൽ വിവിധ പേരുകളാണ്. അല്ലാഹുവാണ്, ദൈവമാണ്, ഗോഡാണ്, ഭഗവാനാണ്. വിവിധ നാമങ്ങൾ ജനങ്ങൾ വെച്ചിരിക്കുന്നു.

വിശുദ്ധ ഖുർആന്റെ ആദ്യ അധ്യായത്തിൽത്തന്നെ അല്ലാഹുവിനെ റബ്ബുൽആലമീൻ എന്ന് പറയപ്പെട്ടിരിക്കുന്നു. അല്ലാഹു എന്നു പറയുന്നത് സർവലോകങ്ങളേയും പരിപാലിക്കുന്നവനാണ്. അവൻ യഹൂദികളുടേയും റബ്ബാണ്. അല്ലാഹുവാണ്. ക്രിസ്ത്യാനികളുടേയും റബ്ബാണ്. അല്ലാഹുവാണ്. ഹിന്ദുക്കളുടേയും റബ്ബാണ്. അല്ലാഹുവാണ്. അവൻ മുസ്‌ലീംകളുടേയും റബ്ബാണ്. അല്ലാഹുവാണ്. നമുക്ക് വിശുദ്ധ ഖുർആനിന്റെ ആദ്യ സൂറത്തിൽത്തന്നെ അൽഹംദുലില്ലാഹി റബ്ബിൽആലമീൻ എന്നു പറയാൻ കല്പന നല്കിയിരിക്കുന്നു. മുഴുലോകത്തിന്റേയും എല്ലാമത വിശ്വാസികളുടേയും റബ്ബായ അല്ലാഹുവിന് നന്ദി രേഖപ്പെടത്തുക. ഇതിന്റെ അടിസ്ഥാനത്തിലും ഇവിടെനിന്നും അല്ലാഹുഅക്ബറിന്റെ മുദ്രാവാക്യം മുഴങ്ങുമ്പോൾ അല്ലെങ്കിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മുദ്രാവാക്യം വിളിക്കുമ്പോൾ വിപ്ലവം കൊണ്ടുവരുന്നതിനുവേണ്ടി അല്ലെങ്കിൽ മറ്റുമതക്കാരെ കൊല്ലുന്നതിനുവേണ്ടി മുദ്രാവാക്യം വിളിക്കുകയാണെന്ന് മനസ്സിലാക്കരുത്. അല്ലാഹുവിനെ കുറിച്ചുള്ള മുദ്രാവാക്യം അഹ്മദിയ്യാ ജമാഅത്ത് വിളിക്കുമ്പോൾ അതിന്റെ ഉദ്ദേശ്യം നിങ്ങൾ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നിടത്ത് മനുഷ്യരോടുള്ള കടമ നിറവേറ്റാനും മുമ്പത്തെക്കാളധികം നിങ്ങളെ സമർപിക്കുക എന്നാണ്. ഇതാണ് നമ്മുടെ അധ്യാപനത്തിന്റെ ചുരുക്കം. ഇതാണ് ഇസ്‌ലാമിന്റെ അധ്യാപനം.

ഈ മസ്ജിദിന്റെ നിർമാണത്തിനുശേഷവും ഇവിടെ താമസിക്കുന്ന അഹ്മദികൾ അവരുടെ കടമകൾ നിറവേറ്റുന്നവരായി തീരട്ടെ. ഈ മസ്ജിദിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരാകട്ടെ. ആദ്യമെ തന്നെ ഇവിടെത്തെ അഹ്മദികളിൽനിന്ന് പ്രകടമായിക്കൊണ്ടിരുന്ന ആ സ്നേഹവും അനുരക്തിയും അവർക്ക് മസ്ജിദ് നല്കപ്പെടുമ്പോൾ അതിനെക്കാൾ കൂടുതൽ ഉണ്ടാകാൻ തുടങ്ങുമാറാകട്ടെ. ഇതിനുശേഷം ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്. ഇനി അവിടെ ശിലാസ്ഥാപനകർമം നിർവഹിക്കുന്നതാണ്. ഇൻശാഅല്ലാഹ് ദുആ ഉണ്ടായിരിക്കും. അസ്സലാമുഅലയ്ക്കും.

## നുബുവ്വത്തുള്ള വലിയ്യ്

*ഫ യുർസലു വലിയ്യൻ ദ നുബുവ്വത്തിൻ മുത്വലഖത്തിൻ വ യുൽഹമു ബി ശറഇ മുഹമ്മദിൻ (സ) വ യഫ്ഹമുഹൂ അലാ വജ്ഹിഹീ* (അബ്ദുൽ വഹ്ഹാബ് ശഅ്റാനീ(റഹ്) വാള്യം 2 പേജ് 89)

"വാഗ്ദത്ത മസീഹ്(മസീഹ് മൗഊദ്)നുബുവ്വത്തുള്ള ഒരു വലിയ്യുടെ രൂപത്തിൽ അയക്കപ്പെടുന്നതാണ്.അദ്ദേഹത്തിന് മുഹമ്മദീ ശരീഅത്ത് ഇൽഹാം മുഖേന ഇറങ്ങുന്നതും അതിനെ അദ്ദേഹം ശരിക്കു മനസ്സിലാക്കുന്നതുമാണ്"

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin